വാർത്താമാസിക

ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2017 ഫെബ്രുവരി

Volume VII Issue 02

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**

വിലക്ക് മുസ്ലീങ്ങൾക്കല്ല; ഭീകരതയ്ക്കെതിരെ പ്രസിഡന്റ് റൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ: മാധ്യമങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്യുന്നതുപോലെ ഇത് ഒരു മുസ്ലീം വിലക്ക് അല്ലെന്നും ഭീകരതയെക്കുറിച്ചും രാജ്യത്തിന്റെ സുരക്ഷയെക്കുറിച്ചുമുള്ളതാണെന്ന് പ്രസിഡന്റ് റൊണാൾഡ് ട്രംപ് വ്യക്തമാക്കി.

ഏഴു രാജ്യങ്ങളിലെ പൗരന്മാർക്ക് യു.എസിൽ പ്രവേശനം നിഷേധിച്ച ഉത്തരവിനെതിരെ ശക്തമായ പ്രതിഷേധം രാജ്യത്തും പുറത്തും നിലനിൽക്കുന്ന സാഹചര്യത്തിലാണ് തന്റെ നിലപാട് പ്രസിഡന്റ് വെളിപ്പെടുത്തിയത്.

ലോകമെമ്പാടും മുസ്ലീം ഭൂരിപക്ഷമായ 40 വ്യത്യസ്ത രാജ്യങ്ങളെ ഈ ഉത്തരവു ബാധിച്ചിട്ടില്ലെന്നും പ്രസിഡന്റ് ചൂണ്ടിക്കാട്ടി.

ട്രംപിന്റെ ഉത്തരവിനെതിരെ പ്രതിഷേധം തുടർന്നു. കോഫി വ്യവസായ ഭീമൻ സ്റ്റാർബക്സും രംഗത്തെത്തിയിട്ടുണ്ട്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പതിനായിരം അഭയാർത്ഥികൾക്ക് ജോലി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ബ്രിട്ടൻ സന്ദർശനം റദ്ദാക്കൽ പരാതി 10 ലക്ഷം കവിഞ്ഞു

ലണ്ടൻ: പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ ബ്രിട്ടൻ സന്ദർശനം റദ്ദാക്കണമെന്ന് ആവശ്യപ്പെടുന്ന ഓൺലൈൻ പരാതിയിൽ ഒപ്പുവച്ചവരുടെ എണ്ണം പത്തു ലക്ഷം കവിഞ്ഞു.

ക്ഷണം റദ്ദാക്കണമെന്ന് ബ്രിട്ടീഷ് രാജ്ഞിയോട് അഭ്യർത്ഥിക്കുന്ന പരാതി യു.കെ. പാർലമെന്റ് ബൈസൈറ്റിൽ പോസ്റ്റ് ചെയ്തത് വിഷയം പാർലമെന്റിൽ ചർച്ച ചെയ്യുമെന്നുറപ്പായി. 10 ലക്ഷം പേർ പിന്തുണച്ചാൽ പാർലമെന്റിൽ ചർച്ചയ്ക്കെടുക്കാമെന്നാണു വ്യവസ്ഥ.

കഴിഞ്ഞയാഴ്ച യു.എസ്. സന്ദർശിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മേയാണ് എലിസബത്ത് രാജ്ഞിയുടെ ക്ഷണം പ്രസിഡന്റിന് കൈമാറിയത്.

കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക: രാഷ്ട്രപതി പ്രണബ് മുഖർജി

ന്യൂഡൽഹി: കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കണമെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി.

നയപ്രഖ്യാപനപ്രസംഗത്തോടെ ആരംഭിച്ച ബജറ്റ് സമ്മേളനത്തിൽ പാർലമെന്റിലെ സെൻട്രൽ ഹാളിൽ ഇരുസഭകളേയും അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ 2.1 കോടി ജനങ്ങൾ എൽ.പി.ജി സബ്സിഡി വേണ്ടെന്നുവെച്ചു. വില്ക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ ഫലപ്രദമായിരുന്നെന്ന് നയപ്രഖ്യാപനത്തിൽ അദ്ദേഹം എടുത്തു പറഞ്ഞു.

സ്ത്രീശാക്തീകരണത്തിന് പ്രത്യേക ഊന്നൽ നൽകുന്ന തുല്യനീതി ഉറപ്പാക്കുമെന്നും രാഷ്ട്രപതി പറഞ്ഞു. കുറഞ്ഞ കൂലി 42 ശതമാനം വർദ്ധിപ്പിച്ചു. 20 കോടിയിലധികം റുപേ ഡെബിറ്റ് കാർഡുകൾ വിതരണം ചെയ്തു. 26 കോടി ജൻധൻ ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിയതായും പറഞ്ഞു.കേന്ദ്രബജറ്റും റെയിൽവേ ബജറ്റും ഒരുമിച്ച് അവതരിപ്പിക്കുന്നു എന്ന പ്രത്യേകത ഈ ബജറ്റ് സമ്മേളനത്തിനുണ്ട്. നോട്ട് നിരോധനത്തെ തുടർന്നുള്ള പ്രത്യേക സാഹചര്യം നിലനിൽക്കുന്ന സാഹചാര്യമാണുള്ളത്. വ്യവസായ സാമ്പത്തിക മേഖലയിലുള്ള സാമ്പത്തിക സർവ്വേയെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയാണ്.

ജർമിനി: മെർക്കലിനെ നേരിടാൻ ഷൂൾസ്

ബെർലിൻ: സെപ്റ്റംബറിൽ നടക്കുന്ന ജർമൻ ചാൻസലർ തിരഞ്ഞെടുപ്പിൽ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായ മാർട്ടിൻ ഷൂൾസ് (61) ഇപ്പോഴത്തെ ചാൻസിലർ അംഗല മെർക്കലിനെ നേരിടും.

GLOBAL TRAVEL EXPERTS
Our expertise, your benefits

Air
Vacation
Hotel & Cruise Booking
Passport and Visa Services

REJI PHILIP
9823 Bustleton Ave
Philadelphia, PA 19115
Email: info@GTEtravels.com
www.GTEtravels.com

New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253 | Toll Free (855) 363-5848

സീനിയർ ബുഷ് ആശുപത്രിവിട്ടു

ഹൂസ്റ്റൺ: ശ്വാസതടസത്തെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മുൻ യു.എസ് പ്രസിഡന്റ് ജോർജ് എച്. ഡബ്ല്യു ബുഷ് ആശുപത്രി വിട്ടു. ഹൂസ്റ്റണിലെ മെതേഡിസ്റ്റ് ആശുപത്രിയിലാണ് 92 കാരനായ ബുഷിനെ പ്രവേശിപ്പിച്ചിരുന്നത്. രണ്ടാം ലോകയുദ്ധകാലത്ത് സൈനികനായിരുന്ന ബുഷ് സീനിയർ 1989 മുതൽ 93വരെ പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ മകൻ ജോർജ് ഡബ്ല്യു ബുഷ് 2001 മുതൽ 2009വരെ പ്രസിഡന്റായിരുന്നു.

പാകിസ്ഥാൻ പൗരന്മാരേയും വിലക്കിയേക്കും: റീൻസ് പ്രീബസ്

വാഷിംഗ്ടൺ: താത്കാലിക വിലക്കേർപ്പെടുത്തിയ ഏഴു രാജ്യങ്ങൾക്കൊപ്പം പാകിസ്ഥാനിൽനിന്നുള്ള സന്ദർശകരേയും വിലക്കുന്ന കാലം വിദൂരമല്ലെന്ന് വൈറ്റ് ഹൗസ് ജീവനക്കാരുടെ തലവൻ റീൻസ് പ്രീബസ് പറഞ്ഞു.

ഇതേപ്രശ്നം നേരിടുന്ന പാകിസ്ഥാൻ പോലുള്ള രാജ്യങ്ങൾ ഇനിയുമുണ്ട്. അതുകൊണ്ട് യു.എസിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ രാജ്യക്കാരെ വിലക്കേണ്ടിവന്നേക്കാമെന്നും അദ്ദേഹം പറഞ്ഞു.

104 ഉപഗ്രഹവുമായി ഐ. എസ്. ആർ. ഒ

ന്യൂഡൽഹി: ഒരു റോക്കറ്റിൽ 104 ഉപഗ്രഹങ്ങളുമായി വിക്ഷേപണത്തിന് ഐ.ആർ.ഒ. പി.എസ്.എൽ.വി റോക്കറ്റിൽ ഇന്ത്യയുടെ മൂന്നു വലിയ ഉപഗ്രഹങ്ങളും മറ്റ് രാജ്യങ്ങളിലെ 101 ചെറു ഉപഗ്രഹങ്ങളുമായാണ് വിക്ഷേപിക്കുക. അമേരിക്കയുൾപ്പെടെയുള്ള രാജ്യങ്ങളുടെ ഉപഗ്രഹങ്ങൾ ഇതിലുണ്ടാവും.

റഷ്യയാണ് ഇതിനുമുമ്പ് ഒരു റോക്കറ്റിൽ കൂടുതൽ ഉപഗ്രഹങ്ങൾ വിക്ഷേപിച്ച് റെക്കാർഡിട്ടത്. 2014ൽ റഷ്യ 34 ഉപഗ്രഹങ്ങളാണ് വിക്ഷേപിച്ചത്. ഫെബ്രുവരി 15ന് വിക്ഷേപണം, ചിലവു പരമാവധി കുറയ്ക്കുക എന്നതാണ് ഒറ്റവിക്ഷേപണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഐ.എസ്.ആർ.ഒയുടെ പത്രക്കുറിപ്പിൽ പറയുന്നു.

സമ്പദ് വ്യവസ്ഥ അപകടാവസ്ഥയിൽ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ അവകാശപ്പെടുന്നതുപോലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഭാവി പ്രതീക്ഷാജനകമല്ലെന്ന് കോൺഗ്രസ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേ പറയുന്നു.

മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ദ്ധനുമായ മൻമോഹൻസിംഗ് തയ്യാറാക്കിയ സർവ്വേ കേന്ദ്രസർക്കാർ അവതരിപ്പിക്കുന്ന ബജറ്റ് മുന്നോടിയായിട്ടാണ് പ്രസിദ്ധീകരിച്ചത്.

തൊഴിലില്ലായ്മ അതിരൂക്ഷമാണെന്നും രണ്ടുകോടി തൊഴിലുകളുടെ കുറവ് രാജ്യത്തുണ്ടെന്നും സർവ്വേ ചൂണ്ടിക്കാട്ടുന്നു. യു.പി.എ.സർക്കാർ പത്തുവർഷം കൊണ്ട് ഏഴു ശതമാനം തൊഴിൽ വളർച്ചയുണ്ടാക്കി. തൊഴിലിനു പുറമെ അടിസ്ഥാന സൗകര്യ വികസനത്തിലും നിക്ഷേപത്തിലും ലക്ഷ്യം എൻ.ഡി.എ സർക്കാരിനു കൈവരിക്കാൻ കഴിഞ്ഞില്ല. ഡ്രേഡിംഗ് ഏജൻസികൾക്കും ഇന്ത്യൻ സമ്പദ് വ്യവസ്ഥയെക്കുറിച്ച് നല്ല അഭിപ്രായമില്ല. പദ്ധതികളെല്ലാം കഴിഞ്ഞ സർക്കാരിന്റെ കാലത്തു തുടങ്ങിവെച്ചതാണ്. കേന്ദ്രസർക്കാർ ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കുന്ന വസ്തുതകൾ പുറത്തുവിടണം. പലതും സർക്കാർ പെരുപ്പിച്ചു കാട്ടുന്നതാണെന്നും സർവ്വേ പറയുന്നു.

സ്ഥാനാർത്ഥികൾ അക്കൗണ്ടുകൾ തുടങ്ങണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ കറന്റ് അക്കൗണ്ടുകൾ തുടങ്ങണമെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിച്ചു.

കറന്റ് അക്കൗണ്ടുകൾക്കുള്ള നിയന്ത്രണം റിസർവ് ബാങ്ക് എടുത്തു മാറ്റിയതോടെയാണ് തെരഞ്ഞെടുപ്പു കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട കർശന നിർദ്ദേശങ്ങൾ നൽകിയത്.

തെരഞ്ഞെടുപ്പു ചെലവുകൾക്കായി വെവ്വേറെ അക്കൗണ്ടുകൾ ആരംഭിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ സ്ഥാനാർത്ഥികളോടു നേരത്തെ നിർദ്ദേശിച്ചിരുന്നു. എന്നാൽ കറന്റ് അക്കൗണ്ടാണോ സേവിംഗ്സ് അക്കൗണ്ടാണോ എന്നു വ്യക്തമാക്കിയിരുന്നില്ല. സ്ഥാനാർത്ഥികൾ സേവിംഗ്സ് അക്കൗണ്ടുകളാണ് തെരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി തുടങ്ങിയിരുന്നത്. എന്നാൽ കറന്റ് അക്കൗണ്ടുകൾക്കുള്ള നിയന്ത്രണം ആർബിഐ എടുത്തു മാറ്റിയതോടെ തെരഞ്ഞെടുപ്പു ചെലവുകൾക്കു പണം കണ്ടെത്താൻ ഇത്തരം അക്കൗണ്ടുകൾ ആരംഭിക്കാൻ കമ്മീഷൻ ആവശ്യപ്പെടുകയായിരുന്നു.

ആഴ്ചയിൽ പിൻവലിക്കാവുന്ന രൂപ 24000 എന്നത് രണ്ടു ലക്ഷമാക്കി ഉയർത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആർ.ബി ഐ അത് അംഗീകരിച്ചിട്ടില്ല. തെരഞ്ഞെടുപ്പു ചെലവുകൾക്ക് നിലവിൽ പിൻവലിക്കാവുന്ന തുക തുലോം കുറവാണെന്നതിനാലാണ് ആർ. ബി.ഐയോട് കമ്മീഷൻ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്.

യുദ്ധക്കപ്പൽ ഹൗതി വിമതർ ആക്രമിച്ചു

വാഷിംഗ്ടൺ: ചെങ്കടലിൽ സൗദി അറേബ്യയുടെ യുദ്ധക്കപ്പൽ ഹൗതി വിമതർ ആക്രമിച്ചു. രണ്ടു നാവികർ മരിച്ചു. മൂന്നുപേർക്ക് പരുക്കേറ്റു. കപ്പലിലേക്ക് ചെറുബോട്ട് ഇടിച്ചുകയറ്റിയശേഷമാണ് ആക്രമണം നടത്തിയതെന്ന് യു.എസ്. ഉദ്യോഗസ്ഥർ അറിയിച്ചു.

ചെങ്കടലിൽ പട്രോളിംഗ് നടത്തിയിരുന്ന അമൽ മദീന യുദ്ധക്കപ്പലാണ് ആക്രമിക്കപ്പെട്ടത്. എന്നാൽ മിസൈൽ ആക്രമണമാണോ ചാവേർ ആക്രമണമാണോ വിമതർ നടത്തിയതെന്ന് വ്യക്തമല്ലെന്ന് യു.എസ്. സൈന്യം അറിയിച്ചു.

ജനവിരുദ്ധ നടപടികൾക്ക് എതിരെ 24ന് പിക്കറ്റിംഗ്

തിരുവനന്തപുരം: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജന വിരുദ്ധ നയങ്ങൾക്കെതിരെ 24ന് സെക്രട്ടറിയേറ്റിനു മുന്നിലും മറ്റു ജില്ലകളിൽ കളക്ട്രേറ്റുകൾക്ക് മുന്നിലും യു.എഡി.എഫ് പിക്കറ്റിംഗ് നടത്തും.

തിരുവനന്തപുരത്ത് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കൊല്ലത്ത് മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.പി.എ. മജീദ്, ആലപ്പുഴയിൽ കെ.പി.സി.സി അദ്ധ്യക്ഷൻ വി.എം.സുധീരൻ, കോട്ടയത്ത് എ.ഐ.സി.സി വക്താവ് പി.സി.ചാക്കോ, ഇടുക്കിയിൽ കേരള കോൺഗ്രസ് ജേക്കബ് ഗ്രൂപ്പ് ചെയർമാൻ ജോണി നെല്ലൂർ, എറണാകുളം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവർ ഉദ്ഘാടനം ചെയ്യും.

തൃശൂരിൽ കെ.സി.വേണുഗോപാൽ എം.പി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, മലപ്പുറത്ത് എം.കെ.മുനീർ എം.എൽ.എ. കോഴിക്കോട് ജെ.ഡിയു സംസ്ഥാന അദ്ധ്യക്ഷൻ എം.പി.വീരേന്ദ്രകുമാർ എം.പി, കണ്ണൂരിൽ കെ.മുരളീധരൻ എം.എൽ.എ, വയനാട്ടിൽ സി.എം.പി. സെക്രട്ടറി സി.പി. ജോൺ, കാസർകോട്ട് ബെന്നി ബെഹനാൻ എന്നിവരും ഉദ്ഘാടനം ചെയ്യും.

കേരളം കണ്ട ദുർബലനായ മുഖ്യമന്ത്രിയാണ് പിണറായി

കോഴിക്കോട്: പിണറായി വിജയൻ കേരളം കണ്ട ദുർബലനായ മുഖ്യമന്ത്രിയാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

ജനകീയ പ്രശ്നങ്ങളിൽ ഒന്നും പ്രതികരിക്കാതെ ഒഴിഞ്ഞുമാറുകയാണ്. ന്യൂന പക്ഷ പ്രീണനം വഴി അധികാരത്തിൽ എത്തിയ ഇടതു സർക്കാർ ആർ.എസ്.എസുകാരുടെ വാക്കുകേട്ട് മുസ്ലീം മതപണ്ഡിതന്മാർക്കെതിരെ കരിനിയമം ചുമത്തുകയാണ്. സർക്കാരിന്റെ ഭരണപരാജയം മറച്ചുവയ്ക്കാൻ സി.പി.എം. കൊലപാതകങ്ങൾ നടത്തുകയാണ്– കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ ഗാന്ധി അനുസ്മരണ പരിപാടിയിൽ സംസാരിക്കവേ ചെന്നിത്തല കുറ്റപ്പെടുത്തി. ലോ അക്കാദമി പ്രശ്നം പരിഹരിക്കാൻ കഴിയാത്ത ദുർബലനായ മുഖ്യമന്ത്രിയാണ് നാടു ഭരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എംടിക്ക് പിന്നിൽ അണി നിരക്കണം: ലാൽ ജോസ്

തിരൂർ: ഉറക്കെ സംസാരിക്കുന്നവരുടെ വായ് അടപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരെ കൂട്ടായി പ്രതിരോധം സൃഷ്ടിക്കേണ്ട കാലാത്താണ് നാം ജീവിക്കുന്നതെന്ന് സംവിധായകൻ ലാൽ ജോസ്. നൂറ്റാണ്ടുകൾക്കു മുമ്പ് എഴുത്തച്ഛനെ വേട്ടയാടിയവരുടെ പിൻമുറക്കാരാണ് ഇന്ന് എം.ടിയെ വേട്ടയാടുന്നതെന്ന് ലാൽ ജോസ് പറഞ്ഞു.

തിരൂർ തുഞ്ചൻ പറമ്പിൽ നടന്ന തുഞ്ചൻ ആർട്സ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊച്ചിയിൽനിന്നും ലണ്ടനിലേക്ക് 27 രാജ്യങ്ങളിലൂടെ താൻ നടത്തിയ യാത്രയ്ക്ക് ആറു വിസകളാണ് വേണ്ടിവന്നതെന്ന് പറഞ്ഞുകൊണ്ടാണ് രാജ്യത്തെ അസഹിഷ്ണുതയെ കുറിച്ച് ലാൽ സംസാരിച്ചത്. ശത്രുരാജ്യങ്ങളുടെ അതിർത്തിയിൽ ഒരു കോഫി ഷോപ്പുണ്ടാകും. കാപ്പി ഉണ്ടാക്കുന്നത് ഒരു രാജ്യത്തും അതു കുടിക്കുന്നവർ മറ്റൊരു രാജ്യത്തും. എന്നാൽ ഇന്ത്യയിലെ സ്ഥിതി എന്താണ്?

എഴുത്തച്ഛന്റെ കാലത്തെ പ്രതിബന്ധങ്ങൾ എല്ലാം തന്നെ പുരോഗമനം നേടിയെന്ന് അഭിമാനിക്കുന്ന ഇക്കാലത്തും നിലനിൽക്കുന്നു എന്നത് ദുഃഖകരമാണെന്നും ലാൽ അഭിപ്രായപ്പെട്ടു.

കേരളത്തിന് വഴിക്കാൻ എം.ടി ഉൾപ്പെടെയുള്ള സാഹിത്യകാരന്മാരും കലാകാരന്മാരും അണിനിരക്കേണ്ടത് അനിവാര്യമാണെന്നും പറഞ്ഞു.

യുഡിഎഫിലേക്കില്ല; ബി.ജെ.പിയോട് അന്ധമായ എതിർപ്പുമില്ല: കെ.എം.മാണി

കോട്ടയം: യു.ഡി.എഫിലേക്ക് മടങ്ങിപ്പോകില്ലെന്നും ബി.ജെ.പിയോട് അന്ധമായ എതിർപ്പില്ലെന്നും കേരള കോൺഗ്രസ് എം. ചെയർമാൻ കെ.എം.മാണി പറഞ്ഞു.

വാർത്താചാനലിനു നൽകിയ അഭിമുഖത്തിലാണ് മാണി നയം വ്യക്തമാക്കിയത്.

കേരള കോൺഗ്രസ് ശക്തിയായി നിലകൊള്ളും. കോൺഗ്രസ് എന്ന നുകത്തിനു കീഴിലിയിരുന്നു കേരള കോൺഗ്രസ് ഇതുവരെ. അതിനാൽ ആ പാർട്ടിയുടെ പല ദൗർബല്യങ്ങളും കേരള കോൺഗ്രസിനേയും ബാധിച്ചു. ബിജെപിയോടു എതിർപ്പില്ല. രാജ്യത്ത് ശക്തിയുള്ള പാർട്ടിയാണ് ബി.ജെ.പി. അവരുടെ ചില നയങ്ങളോട് കേരള കോൺഗ്രസിന് യോജിപ്പാണ്. നോട്ട് പിൻവലിക്കൽ തീരുമാനം നല്ലതായിരുന്നുവെങ്കിലും അതു നടപ്പിലാക്കിയ രീതി തികഞ്ഞ പരാജയമായിരുന്നു. പ്രാദേശിക പാർട്ടികളുടെ കൂട്ടായ്മയാണ് കേരള കോൺഗ്രസിന്റെ ലക്ഷ്യം. മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള കക്ഷികൾ ഇതിലേക്ക് വരണം. ചെറുപാർട്ടികളുടെ സഖ്യത്തിന് ഫെഡറൽ സംവിധാനത്തിൽ വലിയ പ്രസക്തിയുണ്ട്– കെ.എം. മാണി പറഞ്ഞു.

ലോ അക്കാദമി അനധികൃത ഭൂമി കൈവശം; സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു

തിരുവനന്തപുരം: ലോ അക്കാദമി അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നു എന്ന പരാതിയിൽ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു.

അക്കാദമി അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുപിടിക്കണമെന്ന് ആവശ്യപ്പെട്ട് വി.എസ്.അച്യുതാനന്ദൻ നൽകിയ പരാതി കണക്കിലെടുത്താണ് അന്വേഷണം. റവന്യൂ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാകും അന്വഷണം.

ഭൂമി അനധികൃതമായി സമ്പാദിച്ചുവെന്നതിൽ പരാതിയൊന്നും ലഭിച്ചില്ലായെന്ന് കഴിഞ്ഞ ദിവസം മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞതിനു തൊട്ടുപിന്നാലെയാണ് വി.എസ്. പരാതി നൽകിയത്. നാല് ഏക്കർ മാത്രം ആവശ്യമുള്ള അക്കാദമിയുടെ കൈവശം 12 ഏക്കർ ഭൂമിയുണ്ടെന്നും ഇവ തിരിച്ചുപിടിക്കണമെന്നും വി.എസ്. ആവശ്യപ്പെട്ടിരുന്നു.

ലോ അക്കാദമി മാനേജ്മെന്റുമായി നടത്തിയ ചർച്ച പരാജയപ്പെട്ടു

തിരുവനന്തപുരം: ലോ അക്കാദമി മാനേജ്മെന്റുമായി വിദ്യാർത്ഥികൾ നടത്തിയ ചർച്ച പരാജയപ്പെട്ടു. വിദ്യാർത്ഥികളുടെ ആവശ്യം തള്ളിയ മാനേജമെന്റ് ലോ അക്കാദമി പ്രിൻസിപ്പൽ ലക്ഷ്മി നായർ രാജി വയ്ക്കണമെന്ന ആവശ്യം അംഗീകരിച്ചില്ല.

അക്കാദമി ഡയറക്ടന്മാരാണ് വിദ്യാർത്ഥികളുമായി ചർച്ച നടത്തിയത്. ഫാക്കൽറ്റിയായി തുടരുമെന്നു ലക്ഷ്മി നായർ ഉറച്ചുനിന്നതോടെ ചർച്ച പരാജയപ്പെടുകയായിരുന്നു. ലക്ഷ്മിനായരുടെ രാജിയല്ലാതെ പരിഹാരമാർഗ്ഗമില്ലെന്നു വിദ്യാർത്ഥി സംഘടനാ നേതാക്കൾ അറിയിച്ചു. ഇതോടെ ലോ അക്കാദമി സമരം തുടരുമെന്നുറപ്പായി.

യുപിയിൽ കോൺഗ്രസ്– എസ്.പി സഖ്യത്തിലേക്ക്

ലക്നൗ: രാഹുലും താനും സൈക്കിളിന്റെ രണ്ടു ചക്രങ്ങളാണെന്ന് യു.പി. മുഖ്യമന്ത്രി അഖിലേഷ് യാദ്.

വർഗീയ ശക്തികളെ തോല്പിക്കാനുള്ള സമാജ്‌വാദി കോൺഗ്രസ് സഖ്യത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം താജ് ഹോട്ടലിൽ ഇരു നേതാക്കളും സയുക്ത പ്രസ്താവന നടത്തിയതോടെ സഖ്യം ചരിത്രത്തിലേക്ക് പ്രവേശിച്ചു.

ഈ സഖ്യം അവസരവാദപരമല്ലെന്നും ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും ഉണ്ടായതാണെന്നും രാഹുൽ പറഞ്ഞു. ഗംഗയും യമുനയും പോലെ രണ്ടു പവിത്രനദികളുടെ കൂടിച്ചേരൽ എന്നാണ് രാഹുൽ വിശേഷിപ്പിച്ചത്.

അമേഠിയിലും റായ്ബറേലിയിലും സീറ്റുമായി ബന്ധപ്പെട്ടു കോൺഗ്രസിലുണ്ടായ പ്രശ്നങ്ങൾ ആഭ്യന്തരമായി പരിഹരിക്കുമെന്നും ഇവരും പറഞ്ഞു.

അഭയ കേസ് വിചാരണ മാർച്ചിൽ

തിരുവനന്തപുരം: സിസ്റ്റർ അഭയ കേസിൽ സി.ബി.ഐ കോടതി മാർച്ച് 14ന് വിചാരണ തുടങ്ങും. പ്രതികളായ സിസ്റ്റർ സ്റ്റെഫി, ഫാ.ജോസ് പൂതൃക്കയിൽ, ഫാ. തോമസ് എം.കോട്ടൂർ എന്നിവർ കോടതിയിൽ ഹാജരായി.

വിചാരണക്കോടതിയിൽ ഒന്നര വർഷത്തിനിടെ മൂന്നു പ്രതികളും ഒരിക്കൽപോലും ഹാജരാകാതിരുന്നതിനെ കഴിഞ്ഞ പ്രാവശ്യം കേസ് പരിഗണിച്ചപ്പോൾ കോടതി വിമർശിച്ചിരുന്നു. തുടർന്ന് പ്രതികളോടു നേരിട്ടു ഹാജരാകാനും കോടതി ഉത്തരവിട്ടിരുന്നു.

വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

For Advertisement
Tel: 267-991-2111
CONTACT US

ഫിലിപ്പ് മാത്യു സഭാ മാനേജിംഗ് കമ്മിറ്റി സ്ഥാനാർത്ഥിയായി മത്സരിക്കുന്നു

ഹ്യൂസ്റ്റൺ: മലങ്കര ഓർത്തഡോക്സ് സഭയുടെ സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് ഫെബ്രുവരി നാലിനു ഭദ്രാസന ആസ്ഥാനത്തുവെച്ചു നടത്തുന്ന തെരഞ്ഞെടുപ്പിൽ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിൽ നിന്നും ഫിലിപ്പ് മാത്യു സ്ഥാനാർത്ഥിയായി മത്സരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ വിവിധ ആത്മീയ സംഘടനകളിൽ പ്രവർത്തിച്ചിട്ടുള്ള ഫിലിപ്പ് മാത്യു ഇപ്പോൾ നോർത്ത് ഫ്ളോറിഡ ജാക്സൽ വിൽ സെന്റ് ഗ്രിഗോറിയോസ് ചർച്ച് ഇടവകാംഗമാണ്. മാത്യു ഇടവക ചെങ്ങന്നൂർ ബഥേൽ അരമന പള്ളിയാണ്. ബാലസമാജം സെക്രട്ടറി, യൂത്ത് മൂവ്മെന്റ് വൈസ് പ്രസിഡന്റ്, സൺഡേ സ്കൂൾ അധ്യാപകൻ, ജാക്സൺ വിൽ സെന്റ് ഗ്രിഗോറിയോസ് ചർച്ച് സെക്രട്ടറി, കഴിഞ്ഞ അഞ്ചു വർഷം ഭദ്രാസന അസംബ്ലി മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

സഭയുടെ ഉന്നമനത്തിനും കാതോലിക്കാ സിംഹാസനത്തോടുള്ള കൂറും വിധേയത്വവും, വിശ്വാസസത്യങ്ങളിൽ നിന്നു വ്യതിചലിക്കാതെ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനിയുടെ കരങ്ങൾക്ക് ശക്തിപകരുമെന്നും അതിനെല്ലാം ഉപരി ഭദ്രാസനത്തിന്റെ ചെറുതും വലുതുമായ ആവശ്യങ്ങൾക്കു വേണ്ടിയും ഭദ്രാസനത്തിലെ വൈദീകരുടേയും ജനങ്ങളുടേയും ആവശ്യങ്ങൾക്കുവേണ്ടിയും അക്ഷീണം പ്രവർത്തിക്കുമെന്നും ഫിലിപ്പ് മാത്യു പറഞ്ഞു.

കെ. എച്ച്. എസ് ഹ്യൂസ്റ്റൺ ഷണ്മുഖൻ വല്ലുലിശ്ശേരി പ്രസിഡന്റ്

ഹ്യൂസ്റ്റൺ: കെ എച്ച്. എസ് പ്രസിഡന്റായി ഷണ്മുഖൻ വല്ലുലിശ്ശേരി തിരഞ്ഞെടുക്കപ്പെട്ടു. ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ പ്രവർത്തനത്തിൽ തുടക്കം മുതൽ സജീവമായി പ്രവർത്തിക്കുന്ന അദ്ദേഹം മുൻപും പ്രസിഡന്റ് പദവി അലങ്കരിച്ചിട്ടുണ്ട്. ക്ഷേത്രത്തിന്റെ തുടർ നിർമാണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുകയും അമേരിക്കയിലെ പ്രത്യേകിച്ച് ഹ്യൂസ്റ്റനിലെ മലയാളീ ഹിന്ദു സമൂഹത്തിന്റെ സാമൂഹ്യവും ആത്മീയവുമായ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുവാൻ കെ. എച്ച്. എസിനെ പ്രാപ്തമാക്കുകയാണ് ലക്ഷ്യം എന്ന് അദ്ദേഹം അറിയിച്ചു.

വൈസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട ഡോ. ബിജു പിള്ള മുൻപ് ട്രസ്റ്റീ ബോർഡ് ചെയർ ഉൾപ്പടെ കെ എച് എസിലെ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സെക്രടറി ആയി ശ്രീമതി രമാ പിള്ളയും ട്രഷറർ ആയി ശ്രീ. സലിൽ നായരും തിരഞ്ഞെടുക്കപ്പെട്ടു. സോണിയാ ഗോപൻ (ജോയിന്റ് സെക്രട്ടറി)ബാബുദാസ് മുണ്ടക്കയം(ജോയിന്റ് ട്രഷറർ) എന്നിവരും ജനുവരി 22 നു നടന്ന കെ എച് എസിന്റെ ജനറൽ ബോഡി മീറ്റിംഗിൽ തിരഞ്ഞെടുക്കപ്പെട്ടു. മുരളീ കേശവൻ, സ്മിരാജ് പിള്ള, വിനോദ് വാസുദേവൻ, പ്രമോദ് വാര്യർ, പൊടിയമ്മ പിള്ള, ദിലീപ് കുമാർ, വിഷ്ണു കുമാർ, കണ്ണൻ വിദ്യാസാഗർ എന്നിവരാണ് മറ്റു ബോർഡ് അംഗങ്ങൾ. രഞ്ജിത് നായർ അറിയിച്ചതാണിത്.

ഫിലാഡൽഫിയയിലെ റിപ്പബ്ലിക് ദിനാഘോഷം വർണ്ണാഭമായി

ഫിലാഡൽഫിയ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ കേരളാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ 68-ാമത് റിപ്പബ്ലിക് ദിനാഘോഷം ജനുവരി 28 ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ അസൻഷൻ മാർത്തോമാ പള്ളി ഓഡിറ്റോറിയത്തിൽ വച്ചു സമുചിതമായി കൊണ്ടാടി.

പ്രസിഡന്റ് രാജൻ കുര്യന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ ഫിലാഡൽഫിയ സിറ്റി കൺട്രോളർ അലൻ ബുക്കാവിക്സ് മുഖ്യാതിഥിയായിരുന്നു. സാക്കറി സാബു അമേരിക്കൻ ദേശീയ ഗാനവും, ശ്രീദേവി അജികുമാറും ജെസ്‌ലിനും ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു. കുര്യൻ രാജൻ സ്വാഗതം ആശംസിച്ച് ആമുഖ പ്രസംഗം നടത്തി. മുഖ്യാതിഥി അലൻ ബുക്കാവിക്സ് മുഖ്യ സന്ദേശം നല്കിക്കൊണ്ട് പ്രസംഗിച്ചു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ എന്നും തനിക്ക് നല്ല ഒരു സുഹൃത്ത് ആണെന്ന് അറിയിച്ചു. ഫിലാഡൽഫിയയുടെ വളർച്ചയ്ക്ക് ഇന്ത്യൻ പ്രവാസികളിൽ നിന്നും ലഭിക്കുന്ന സഹകരണത്തിന് നന്ദി രേഖപ്പെടുത്തുകയും റിപ്പബ്ലിക് ദിനാശംസകൾ നേരുന്നതായും അദ്ദേഹം അറിയിച്ചു.

തുടർന്ന് ഫൊക്കാന പ്രസിഡന്റ് തമ്പി ചാക്കോ റിപ്പബ്ലിക് ദിന സന്ദേശം നൽകി. സാബു പാമ്പാടി മനോഹരമായ ഗാനം ആലപിച്ചു. ഐ.എൻ.ഒ.സി നാഷണൽ കേരളാ പ്രസിഡന്റ് ജോബി ജോർജ്, നാഷണൽ അഡ്വൈസറി ബോർഡ് മെമ്പർ അലക്സ് തോമസ്, ചാപ്റ്റർ വൈസ് പ്രസിഡന്റ് സജി കരിംകുറ്റി, ചാപ്റ്റർ ഫണ്ട് റൈസിംഗ് ചെയർമാൻ സാബു സ്കറിയ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ചാപ്റ്റർ ട്രഷറർ ഫിലിപ്പോസ് ചെറിയാൻ സ്പോൺസേഴ്സിനെ സദസിനു പരിചയപ്പെടുത്തി. ജോയിന്റ് സെക്രട്ടറി ചെറിയാൻ കോശി നന്ദി രേഖപ്പെടുത്തി. പൊതുസമ്മേളനത്തിന്റെ എം.സിയായി ജനറൽ സെക്രട്ടറി സന്തോഷ് ഏബ്രഹാം പ്രവർത്തിച്ചു.

പ്രോഗ്രാം കോർഡിനേറ്റർ ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ കലാവിരുന്ന് അരങ്ങേറി. തോമസ് ഏബ്രഹാം, സാബു പാമ്പാടി, ശ്രീദേവി, മെലീസ, അലിക്കാ, റെയ്ച്ചൽ, ദിയാ ചെറിയാൻ, ജെസ്‌ലിൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഇസബെല്ല ടീമും, ദിയ ചെറിയാനും ഡാൻസും ജോൺലി സജി ബ്രേക്ക് ഡാൻസും സൂരജ് ദിനാമണി മിമിക്രിയും അവതരിപ്പിച്ചു. സാബു സ്കറിയ നന്ദി പറഞ്ഞു. ഷാലു പുന്നൂസും, സിബി ചെറിയാനും കലാസന്ധ്യയുടെ എം.സിമാരായി പ്രവർത്തിച്ചു.

രാജൻ കുര്യൻ (പ്രസിഡന്റ്), സന്തോഷ് ഏബ്രഹാം (സെക്രട്ടറി), ഫിലിപ്പോസ് ചെറിയാൻ (ട്രഷറർ).

കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ്സ് അസോസിയേഷന് പുതിയ ഭാരവാഹികൾ

ബിജു കൊട്ടാരക്കര

ന്യൂജേഴ്സി: കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ്സ് അസോസിയേഷനു ഇനി പുതിയ നേതൃത്വം. എൽദോ പോൾ പ്രസിഡന്റായുള്ള വിപുലമായ കമ്മിറ്റിയാണ് സംഘടനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ഇനി നേതൃത്വം വഹിക്കുക.

ജനറൽ സെക്രട്ടറിയായി മനോജ് ജോൺ, ട്രഷററായി നീനാ സുധീർ എന്നിവരും വൈസ് പ്രസിഡന്റായി കോശി പ്രകാശ്, ജോയിന്റ് സെക്രട്ടറിയായി നോബിൾ വർഗീസ്, ജോയിന്റ് ട്രഷററായി ദീപു വർഗീസ്, റീജനൽ വൈസ് പ്രസിഡന്റുമാരായി മെറി ജേക്കബ് (റോക് ലൻഡ് / വെസ്റ്റ്ചെസ്റ്റർ ഏരിയ), സോജിമോൻ ജയിംസ് (ന്യൂജേഴ്സി), ജോർജ് ജോൺ (ക്വീൻസ് /ലോംഗ് ഐലൻഡ്) ട്രസ്റ്റിബോർഡ് മെമ്പറായി റെജി മോൻ ഏബ്രഹാം, ഓഡിറ്ററായി മനോജ് അലക്സ് എന്നിവരും ചുമതലയേറ്റു. അജിത് ചിറയിൽ എക്സ് ഒഫിഷ്യോ അംഗമായിരിക്കും.

സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, സുതാര്യമാക്കുന്നതിനും വിവിധ സബ്കമ്മിറ്റികൾക്ക് രൂപം നല്കുകയറും ചെയർപേഴ് സൺമാരായി ജയ്സൺ അലക്സ് (പ്രൊഫഷണൽ അഫയേഴ്സ്), മാർട്ടിൻ വർഗീസ് (സ്കോളർഷിപ്പ്/ ചാരിറ്റി), ഷാജി കുര്യാക്കോസ് (സ്റ്റുഡന്റ് ഔട്ട് റീച്ച്), ലിസി ഫിലിപ്പ് (ജനറൽ അഫയേഴ്സ്), മാലിനി നായർ (സോഷ്യൽ ആൻഡ് കൾചറൽ), ജിജി ഫിലിപ്പ് (ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ്), പ്രീതാ നമ്പ്യാർ (പബ്ലിക് റിലേഷൻസ്) എന്നിവരെ ചുമതലപ്പെടുത്തി. പൊതുയോഗത്തിൽ 2016 ലെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർ പേഴ്സൺ പ്രീതി നമ്പ്യാർ അധ്യക്ഷത വഹിച്ചു.

പദ്ധതികളുമായി മുന്നോട്ടു പോകുന്നതോടൊപ്പം ഈ വർഷം കൂടുതൽ എഞ്ചിനീയറിംഗ് പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ് നൽകാനും തീരുമാനിച്ചു. ജോയിന്റ് സെക്രട്ടറി നോബിൾ നന്ദി പ്രകാശിപ്പിച്ചു.

ഭാരവാഹികളുടെ നമ്പറുകൾ എൽദോ പോൾ: 201 370 5019, മനോജ് ജോൺ: 917 841 9043, നീന സുധീർ : 732 789 8262, കെ ജെ ഗ്രിഗറി : 914 636 8679.

കോറൽ സ്പ്രിങ്സ് സ്പൈക്കേഴ്സ് സ്പോർട്സ് ക്ലബിന് പുതിയ നേതൃത്വം

മയാമി: സ്പൈക്കേഴ്സ് സ്പോർട്സ് ക്ലബിന് പുതിയ നേതൃത്വം. 2017ലെ ഭാരവാഹികളായി ജോയ് തോമസ് ജോർജ് (പ്രസിഡന്റ്), ജെസ്വിൻ തോമസ് (സെക്രട്ടറി), ജിൻസ് തോമസ് (ട്രഷറർ), ദീപു സെബാസ്റ്റ്യൻ (മാനേജർ), അനീഷ് ജോർജ് (ക്യാപ്റ്റൻ), സിംസൺ സ്കറിയ (വൈസ് ക്യാപ്റ്റൻ), അജി തോമസ്, ഡോ.ബേബി ജോർജ്, മേല്കീ ബൈജു, സജി സാമുവേൽ, വിനീത് സാമുവേൽ എന്നിവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.

ജയ് ഏബ്രഹാം, ജവിൻ ഫ്രാൻസിസ്, ജിനോ തോമസ്, ജോബി സെബാസ്റ്റ്യൻ, ജോൺസൻ മച്ചാനിക്കൽ, നെവിൻജോസ്, ഫിലിപ്പ് ജോർജ്, റിച്ചാർഡ് ജോസഫ്, സെബിൻ സ്കറിയ, ഷോൺ ജോസഫ്, ടോണി ഇമ്മാനുവേൽ, വിനു ജോർജ്, ഫാദർ കുര്യാക്കോസ് കുംബിക്കൽ എന്നിവർ കമ്മിറ്റി അംഗങ്ങളും, മുൻപ്രസിഡന്റ് ഷാന്റി വർഗീസ് എക്സ് ഒഫീഷ്യയോ ആയും തുടരുന്നു.

കോറൽസ്പ്രിങ്സ് സ്പൈക്കേഴ്സ് സ്പോർട്സ് ക്ലബ് 2006ൽ ഔദ്യോഗികമായി രജിസ്റ്റർ ചെയുകയും തുടർന്ന് വിവിധ കായിക വിനോദ മത്സരവേദികളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വർഷംതോറും നടത്തിവരുന്ന അന്തർദേശീയ വോളീബോൾ ടൂർണമെന്റ് സ്പൈക്കേഴ്സ് സ്പോർട്സ് ക്ലബിന്റെ മറ്റൊരു സവിശേഷതയാണ്. കിഡ്സ് വോളീബോൾ കോച്ചിംഗ് ക്ലാസുകൾ, വ്യായാമവും ആരോഗ്യവും എന്നീ വിഷയത്തെപറ്റിയുള്ള സിമ്പോസിയം, ചാരിറ്റി പ്രവർത്തനങ്ങൾ, വോളീബോൾ ട്രെയിനിങ്, എന്നിവയാണ് സൗത്ത് ഫ്ളോറിഡയിലെ ഏറ്റവും മികച്ചവോളീബോൾ ടീം കുടിയായ സ്പൈക്കേഴ്സ് പോർട്സ് ക്ലബ്ബിന്റെ പ്രധാനപ്രവർത്തന മേഖലകൾ.

കോറൽ സ്പ്രിങ്സ് സ്പൈക്കേഴ്സിന്റെ പത്താമത് അന്തർദേശീയ വോളി ബോൾ ടൂർണമെന്റ് 2017ൽ നടത്തുവാൻ പ്ലാൻചെയ്യുന്നതായി പ്രസിഡന്റ് ജോയ് തോമസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 954 8047328 ജെ. തേക്കുംകാട്ടിൽ അറിയിച്ചതാണിത്.

ഫോമ ഷിക്കാഗോ റീജിയൻ ഫാമിലി നൈറ്റ് മെയ് അഞ്ചിന്

സിനു പാലയ്ക്കത്തടം

ഷിക്കാഗോ: അമേരിക്കൻ മലയാളികളുടെ സാംസ്കാരിക സംഘടനയായ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമ) ഷിക്കാഗോ റീജിയന്റെ ഫാമിലി നൈറ്റ് 2017 മെയ് അഞ്ചിന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ പള്ളി ഹാളിൽ (7800 Lynos ST, Morton Grove, IL) വച്ചു നടത്തുന്നു.

ഫോമയുടെ പ്രഖ്യാപിത നയങ്ങളിൽ ഒന്നായ ഫാമിലി കൂട്ടായ്മയുടെ ഭാഗമായി ഷിക്കാഗോയിലെ മലയാളികളുടെ സഹകരണവും കൂട്ടായ്മയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗാനമേള, കോമഡി ഷോകൾ, അതിമനോഹരമായ നൃത്തങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഡിന്നോറുടുകൂടിയുള്ള ഈ ഫാമിലി നൈറ്റ് തികച്ചും ആനന്ദപ്രദമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഫോമയുടെ ഷിക്കാഗോ റീജിയന്റെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയുടെ വിജയത്തിനായി കോർഡിനേറ്റർമാരായി ബിജി സി. മാണി, ജോസ് മണക്കാട്ട് എന്നിവർ പ്രവർത്തിക്കുന്നു. 2018-ൽ ഷിക്കാഗോയിൽ വച്ചു നടത്തുന്ന ഫോമ കൺവൻഷന് മുന്നോടിയായി നടത്തുന്ന ഈ ഫാമിലി നൈറ്റിലേക്ക് എല്ലാ സംഘടനാ ഭാരവാഹികളേയും ഫോമ റീജിയണൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ബിജി ഫിലിപ്പ് ഇടാട്ട് (224 565 8268), ഡോ. സാൽബി പോൾ ചേന്നോത്ത് (847 800 3570), ജോൺ പാട്ടപതി (847 312 7151), ആഷ്ലി ജോർജ് (847 693 1882), സിനു പാലയ്ക്കത്തടം (847 529 4607), സ്റ്റാൻലി കളരിക്കമുറി (847 877 3316), രഞ്ജൻ ഏബ്രഹാം (847 767 4947), സാം ജോർജ് (773 671 6073), ജീൻ പുത്തൻപുരയ്ക്കൽ (312 218 8817), എലിസബത്ത് ചെറിയാൻ (630 769 9603).

ഐ.എൻ.ഒ.സി മിഡ്‌വെസ്റ്റ് റീജിയൻ ചിക്കാഗോ ഇന്ത്യൻ റിപ്പബ്ലിക് ദിനം ആചരിച്ചു

ചിക്കാഗോ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്റർ മിഡ്‌വെസ്റ്റ് റീജിയൻ ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ മൗണ്ട് പ്രോസ്പെക്ടിലുള്ള സി.എം.എ ഹാളിൽ വച്ചു ഇന്ത്യയുടെ 68-മത് റിപ്പബ്ലിക് ദിനം ആചരിച്ചു. ഐ.എൻ.ഒ.സി റീജണൽ പ്രസിഡന്റ് അഗസ്റ്റിൻ കരികുറ്റിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കഴിഞ്ഞ 67 വർഷക്കാലത്തെ ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമെന്ന നിലയിലുള്ള വളർച്ചയും തളർച്ചയും എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച നടത്തി.

സ്വതന്ത്ര ഭാരതം അഭിമുഖീകരിച്ചിരുന്ന വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് അനേകം നാട്ടുരാജ്യങ്ങളെ ഒന്നാക്കി അടിമത്വവും പട്ടിണിയും തൊഴിലില്ലായ്മയും ഉച്ചനീചത്വങ്ങളും, പരസ്പര യുദ്ധങ്ങളും അവസാനിപ്പിച്ചുകൊണ്ട് സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം, സമത്വം തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളിൽ അടിയുറച്ച് ഒരു പരമാധികാര രാഷ്ട്രമായി അലിഖിതഭരണഘടനയോടെ പുനർജന്മം ലഭിച്ച ഭാരതത്തിന്റെ 68-മത് റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യയെ പടുത്തുയർത്തിയതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസക്തി എടുത്തു കാട്ടുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തും വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും, ആഭ്യന്തര വളർച്ചാ രംഗത്തും, ക്ഷ്യധാന്യ ഉത്പാദനത്തിലും, വ്യവസായ രംഗത്തും, ആണവരംഗത്തും, യുദ്ധോപകരണ നിർമ്മാണ രംഗത്തും എന്നുവേണ്ട ലോകത്തിലെ വൻ ശക്തികളുടെ ഒപ്പത്തിനൊപ്പം പിടിച്ചുനിർത്തിക്കൊണ്ട് നേടിയ ഭാരതത്തിന്റെ വളർച്ച ഓരോ ഭാരതീയനും അഭിമാനാർഹം തന്നെ. ഈ നൂറ്റാണ്ടിലെ ഭാരതത്തിന്റെ കുതിച്ചുചാട്ടം ലോക രാഷ്ട്രങ്ങളെ അസൂയാലുക്കളാക്കാൻ പോലും ഉതകുന്നതായിരുന്നു.

ഐ.എൻ.ഒ.സി കേരളാ ചാപ്റ്റർ നാഷണൽ വൈസ് ചെയർമാൻ തോമസ് മാത്യു, നാഷണൽ ജനറൽ സെക്രട്ടറി സന്തോഷ് നായർ, റീജിയണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് വർഗീസ് പാലമലയിൽ, റീജിയണൽ ജനറൽ സെക്രട്ടറി തമ്പി മാത്യു, മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് സണ്ണി വള്ളിക്കളം, ജസ്റ്റി റിൻസി, പ്രവീൺ തോമസ്, ജോഷി വള്ളിക്കളം, ഷിബു ഏബ്രഹാം, നടരാജൻ പി.കെ, ഈശോ വർഗീസ്, സജി കുര്യൻ, സെബാസ്റ്റ്യൻ ഇമ്മാനുവേൽ തുടങ്ങിയവർ പ്രസംഗിക്കുകയും ചർച്ചകളിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു. പ്രൊഫസർ തമ്പി മാത്യു നന്ദി രേഖപ്പെടുത്തി.

തോമസ് മാത്യു പടന്നമാക്കൽ അറിയിച്ചതാണിത്.

ഇൻഡ്യൻ വംശജരായ സോഷ്യൽ വർക്കേഴ്സിന്റെ സേവനം മഹത്തരം ജസ്റ്റിസ് റീന വാൻ ടൈൻ

ഷിക്കാഗോ: ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ ഓഫ് ഇല്ലിനോയിസിന്റെ കുടുംബ സംഗമവും ക്രിസ്തുമസ് -ന്യൂഇയർ ആഘോഷവും കുക്ക് കൗണ്ടി ചൈൽഡ് പ്രൊട്ടക്ഷൻ വിഭാഗം ജഡ്ജി റീന വാൻ ടൈൻ ഉത്ഘാടനം ചെയ്തു

ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അമേരിക്കൻ സമൂഹത്തിന് നല്കുന്ന സംഭാവനകളെ ജസ്റ്റിസ് റീന വാൻ ടൈൻ പ്രകീർത്തിച്ചു.

ഇന്ത്യൻ സോഷ്യൽ വർക്കേസും, ഡോക്ടർസും, കോടതികളിലും, ആശുപത്രികളിലും, മറ്റുമേഖലകളിലും വളരെയേറെ വെല്ലുവിളികളെ നേരിടേണ്ടി വരുന്നുവെങ്കിലും, അവയെ നേരിടുവാൻ കരുത്തുള്ളവരാണെന്ന് ജസ്റ്റിസ് തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. ജോലിയിൽ ഉന്നത സ്ഥാന ലബ്ധി ലഭിച്ച അസോസിയേഷൻ അംഗങ്ങളായ ജോസ് ചാക്കോ ഓലിയാനിക്കൽ, സജി മണ്ണംച്ചേരിൽ, എം ബി എ പഠനം പൂർത്തിയാക്കിയ ജോസ് കോലഞ്ചേരി എന്നിവരെ ആദരിച്ചു.

ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ സെറീൻ ഫിലിപ്പ്, എമിലി പച്ചിലമാക്കിൽ, ജോവാൻ ജോർജ്, കോളേജ് പഠനം പൂർത്തിയാക്കിയ അലക്സ് അലക്സാണ്ടർ എന്നിവരെ ക്യാഷ് അവാർഡും, പ്രശംസ പത്രവും നൽകി ആദരിച്ചു. പ്രസിഡന്റ് പോൾ വടകര യോഗത്തിന് അധ്യക്ഷത വഹിച്ചു. ജെയ്ക്ക് കണ്ണാലയും, ജെറെമി കണ്ണാലയും നടത്തിയ മാജിക് ഷോ കാണികൾക്കു വിസ്മയ വിരുന്നായി. സന്തോഷ് കുര്യന്റെ നേതൃത്വത്തിൽ നടന്ന ഗാനമേളയും, അലീന സന്തോഷ്, അലിഷ്യ മണ്ണംച്ചേരിൽ, കരോൾ സെബാസ്റ്റ്യൻ, കരോളിൻ സെബാസ്റ്റ്യൻ എന്നിവരുടെ നൃത്ത സന്ധ്യയും കാണികളുടെ പ്രശസ പിടിച്ചുപറ്റി. ജോസഫ് ആന്റണി, ടോമി കണ്ണാല, ജോസ് ആനമല, സണ്ണി മേനമറ്റം തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന് നവ നേതൃത്വം

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളിലൊന്നായ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ 2017-ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

സംഘടനയുടെ പുനർസംഘാടനത്തിന്റേയും പുനർഏകീകരണത്തിന്റേയും ആശയം മുന്നിൽ കണ്ട് പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡന്റുമാർ എല്ലാം ചേർന്ന് എടുത്ത തീരുമാനത്തിന്റെ ഫലമായി ഷാജു സാമിന്റെ നേതൃത്വത്തിൽ നവ നേതൃത്വം തെരഞ്ഞെടുക്കപ്പെട്ടു.

സംഘടനയിലും അതിന്റെ കർമ്മപരിപാടികളിലും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിനും പ്രസ്ഥാനത്തിന്റെ നേതൃനിരയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിനുതകുന്ന പ്രകാരം സമാജത്തിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്താൻ തീരുമാനിച്ചു.

സമാജത്തിന്റെ ആദ്യകാല പ്രസിഡന്റായിരുന്ന പ്രൊഫസർ ജോസഫ് ചെറുവേലിയെ ചുമതലപ്പെടുത്തി. മറ്റു മേഖലകളിൽ സമാജത്തിന്റെ പ്രവർത്തനമണ്ഡലം വ്യാപിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മറ്റു കമ്മിറ്റി അംഗങ്ങൾ അദ്ധ്യക്ഷന്മാരായി വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചു. 2017-ലെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ താഴെപ്പറയുന്നവരാണ്.

ഷാജു സാം (പ്രസിഡന്റ്), വർഗീസ് പോത്താനിക്കാട് (വൈസ് പ്രസിഡന്റ്), വിൻസെന്റ് സിറിയക് (സെക്രട്ടറി), വർഗീസ് തെക്കേക്കര (ജോയിന്റ് സെക്രട്ടറി), വിനോദ് കെയർകെ (ട്രഷറർ) എന്നിവരേയും കമ്മിറ്റി അംഗങ്ങളായി ലില്ലിക്കുട്ടി ഇല്ലിക്കൽ, ജോസഫ് ചെറുവേലി, ലീല മാരേട്ട്, ചാക്കോ കോയിക്കലേത്ത്, പോൾ കറുകപ്പള്ളിൽ, ജോജോ തോമസ്, ജോസ് ചുമ്മാർ എന്നിവരേയും ബോർഡ് ഓഫ് ട്രസ്റ്റിയായി ഡോ. നന്ദകുമാർ, ഓഡിറ്ററായി ചെറിയാൻ പാലത്തറ, പ്രിൻസ് മാർക്കോസ് എന്നുവരേയും തെരഞ്ഞെടുത്തു. വർഗീസ് പോത്താനിക്കാട് അറിയിച്ചതാണിത്.

കലയുടെ പുതിയ ഭരണസമിതി അധികാരമേറ്റു

ഫിലാഡൽഫിയ: 1978-ൽ ഫിലാഡൽഫിയ കേന്ദ്രീകരിച്ച് രൂപീകൃതമായ കലാ മലയാളി അസോസിയേഷൻ ഓഫ് ഡെലവേർവാലിയുടെ ഈവർഷത്തെ സാരഥികൾ അധികാരമേറ്റു.

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന ബാങ്കറ്റ് സമ്മേളനത്തിലാണ് സണ്ണി ഏബ്രഹാം (പ്രസിഡന്റ്), രേഖാ ഫിലിപ്പ് (ജനറൽ സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയിൽ നിന്നും ഡോ. കുര്യൻ മത്തായി (പ്രസിഡന്റ്), ജോസഫ് സഖറിയ (ട്രഷറർ) എന്നിവർ നേതൃത്വം വഹിക്കുന്ന പുതിയഭരണസമിതി സാരഥ്യമേറ്റുവാങ്ങിയത്.

ഡോ. ജയിംസ് കുറിച്ചി (വൈസ് പ്രസിഡന്റ്), ജോജോ കോട്ടൂർ (ജനറൽ സെക്രട്ടറി), അലക്സ് ജോൺ (ജോയിന്റ് സെക്രട്ടറി), ജോർജ് മാത്യു സി.പി.എ, മാത്യു പി. ചാക്കോ, മോനിക്കാമ്മ ജോർജ്, ജോൺ കെ. ജോർജ്, ജോസ് വി. ജോർജ്, പി. കെ. പ്രഭാകരൻ എന്നിവരാണ് മറ്റു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ. സണ്ണി ഏബ്രഹാം, രേഖാ ഫിലിപ്പ് എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായി തുടരുന്നതാണ്. കലയുടെ സ്ഥാപക ജനറൽ സെക്രട്ടറി തങ്കപ്പൻ നായർ ആണ് അഡ്വൈസറി കൗൺസിലിനു നേതൃത്വം നൽകുന്നത്.

തന്റെ നേതൃത്വകാലത്ത് ട്രൈസ്റ്റേറ്റ് ഏരിയയിലെ മലയാളി സമൂഹം കലയ്ക്ക് നൽകിയ വമ്പിച്ച ജനപങ്കാളിത്തത്തിനും ഉദാരമായ പിന്തുണയ്ക്കും മുൻ പ്രസിഡന്റ് സണ്ണി ഏബ്രഹാം നന്ദി പറഞ്ഞു.

മലയാളിയുടെ കലാ-സാംസ്കാരിക പൈതൃകത്തോടും വിജ്ഞാന സംതൃപ്തിയോടും പ്രതിബദ്ധത പുലർത്തുന്ന വിപുലമായ പരിപാടികൾക്കാണ് തനതുവർഷം കല നേതൃത്വം നൽകുക എന്നു ഡോ. കുര്യൻ മത്തായി ആമുഖ പ്രസംഗത്തിൽ പറഞ്ഞു.

കലയുടെ ആഭിമുഖ്യത്തിലുള്ള നാൽപ്പതാമതു ഓണാഘോഷം 2017 ഓഗസ്റ്റ് 26-നു നടത്തുവാനും യോഗത്തിൽ തീരുമാനമായി. അശോകൻ വേങ്ങാശേരി റിപ്പബ്ലിക് ദിന സന്ദേശം നൽകി. പ്രശസ്ത നോവലിസ്റ്റ് നീന പനയ്ക്കൽ, ഷാജി മിറ്റത്താനി, ഫ്രാൻസീസ് പടയാറ്റി തുടങ്ങിയവർ ആശംസകൾ നേർന്നു. അലക്സ് ജോൺ, ഫിലിപ്പ് ഇടത്തിൽ എന്നിവർ നർമ്മവേദിക്ക് നേതൃത്വം നൽകി. സംഗീത നിശ സാബു പാമ്പാടി നയിച്ചു. ശ്രുതി സജി ഏബ്രഹാം അവതരിപ്പിച്ച നൃത്തശില്പം ബാങ്കറ്റ് സമ്മേളനത്തിന്റെ മുഖ്യ ആകർഷണമായിരുന്നു.

ബാങ്കറ്റ് സമ്മേളനം ഒരു കുടുംബ സംഗമം ആക്കി മാറ്റിയതിൽ സംഘാടകർ നന്ദി പ്രകാശിപ്പിച്ചു. ജോജോ കോട്ടൂർ അറിയിച്ചതാണിത്.

സൗത്ത് വെസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന റാഫിൾ ടിക്കറ്റ് നറുക്കെടുപ്പ് 18ന്

ഹൂസ്റ്റൺ: സൗത്ത് വെസ്റ്റ് ഓർത്തഡോക്സ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഊർശലേം ആസ്ഥാന മന്ദിരത്തിനും ചാപ്പലിനും വേണ്ടിയുള്ള റാഫിൾ ടിക്കറ്റിന്റെ നറുക്കെടുപ്പ് ഫെബ്രുവരി 18-ന് ഭദ്രാസന ആസ്ഥാനത്തു വെച്ച് നടത്തും.

അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനത്തിൽ ചാപ്പൽ, റിട്രീറ്റ് സെന്റർ, കൗൺസിലിംഗ് സെന്റർ, യൂത്ത് കാമ്പസ്, കോൺഫറൻസ് സെന്റർ എന്നിവ ഉണ്ടായിരിക്കും. ഭദ്രാസന ആസ്ഥാന വികനത്തിനുവേണ്ടിയുള്ള ഫണ്ടിനുവേണ്ടിയാണ് റാഫിൾ ടിക്കറ്റ് ഭദ്രാസനം നടത്തുന്നത്. ഒന്നാം സമ്മാനം ബെൻസ് കാർ ആണ്.

റാഫിൾ ടിക്കറ്റ് ഫണ്ട് റൈസിംഗ് കൺവീനറായി റവ. ഫാ. രാജു ദാനിയേൽ, സെക്രട്ടറിയായി ജോർജ് വർഗീസ്, കോർഡിനേറ്ററായി തോമസ് പൂവത്തൂർ എന്നിവർ പ്രവർത്തിക്കുന്നു.

റാഫിൾ ടിക്കറ്റിന്റെ വിജയത്തിനു എല്ലാവരും സഹകരിക്കണമെന്നു കൺവീനർ റവ.ഫാ. രാജു ദാനിയേൽ അഭ്യർത്ഥിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 214 476 6584.

ഡിട്രോയിറ്റ് സെന്റ് മേരീസ് ദേവാലയത്തിൽ പുതുവത്സര തിരുക്കർമ്മങ്ങളും യുവജന വർഷ ഉദ്ഘാടനവും നടന്നു

ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ്: ഡിട്രോയിറ്റിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ യുവജനവർഷ ഉദ്ഘാടനവും നടന്നു.

ഇടവകയിലെ യുവജനങ്ങളെ പാരിഷ് കൗൺസിലിൽ പ്രതിനിധീകരിക്കുന്ന ഇടവകയിൽ തന്നെ മതബോധന വിദ്യാഭ്യാസം പൂർത്തിയാക്കി ഇടവകയിലും രൂപതയിലും സഭയിലും സ്തുത്യർഹമായ സേവനം ചെയ്യുന്ന ബോണി തെക്കനാട്ടാണ് യുവജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ജോയി വെട്ടിക്കാട്ട്, ജെയിസ് കണ്ണച്ചാൻപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ പുതിയ പാരിഷ് കൗൺസിൽ പുതുവൽസരദിനത്തിൽ സേവനമാരംഭിച്ചു. കഴിഞ്ഞ നാലുവർഷം കൈക്കാരനായി ഇടവകയ്ക്ക് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച രാജു തൈമാലിലിനും രണ്ടു വർഷം കൂടാരയോഗ പ്രതിനിധിയായി പാരിഷ് കൗൺസിലിൽ സ്തുത്യർഹമായ സേവനം ചെയ്ത സജി മരങ്ങാട്ടിലിനും ബഹു. ഫിലിപ്പച്ചൻ മൊമെന്റോ നൽകി.

ഷിക്കാഗോ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു

ബ്രിജിറ്റ് ജോർജ്

ഷിക്കാഗോ: ഷിക്കാഗോ മാർത്തോമ്മാ ശ്ലീഹാ സീറോ മലബാർ കത്തീഡ്രലിൽ ജനുവരി 22-നു ഞായറാഴ്ച 11-മണിയുടെ വിശുദ്ധ കുർബാനയോടനുബന്ധിച്ച് സെബസ്ത്യാനോസ് പുണ്യവാളന്റെ തിരുനാൾ കത്തീഡ്രൽ അസിസ്റ്റന്റ് വികാരി റവ.ഡോ.ജയിംസ് ജോസഫ്, രൂപതാ പ്രോക്യൂറേറ്റർ റവ.ഫാ പോൾ ചാലിശ്ശേരി എന്നിവരുടെ കാർമ്മികത്വത്തിൽ ഭക്ത്യാദരവുകളോടെ ആഘോഷിച്ചു.

പോളച്ചൻ തന്റെ സന്ദേശത്തിൽ വിശ്വാസത്തിന്റെ പേരിൽ പീഡനങ്ങളനുഭവിക്കുന്ന ക്രിസ്ത്യാനികൾക്കു വേണ്ടി ഈയവസരത്തിൽ പ്രാർത്ഥിക്കണമെന്ന് അറിയിച്ചു.

ക്രിസ്തുവിൽ വിശ്വസിച്ച് വിശ്വാസത്തിന്റെ പേരിൽ രക്തസാക്ഷിത്വം കൈവരിച്ച പുണ്യാത്മാവാണ് വി. സെബസ്ത്യാനോസ്.

ജോസ്സിക്കു വേണ്ടി സുമനസുകളുടെ സഹായം തേടി ഫാ.ഡേവിസ് ചിറമേൽ

തൃശ്ശൂർ: അപൂർവങ്ങളിൽ അപൂർവ്വരോഗം ബാധിച്ച ജോസിയെന്ന (19) യുവാവിന്റെ ചികിത്സയ്ക്ക് സഹായം തേടി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ.ഡേവിസ് ചിറമേൽ.

തൃശ്ശൂർ വരടിയം, അവന്നൂർ സ്വദേശികളായ ഷോളി-ജെസ്സി ദമ്പതികളുടെ ഏക മകനാണ് ജോസി. ഇപ്പോൾ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയുമാണ്.

2012 ലാണ് ജോസി അപൂർവങ്ങളിൽ അപൂർവമായി ലിംഗത്തിൽ ബാധിക്കുന്ന പ്രിമിറ്റിവ് ന്യൂറോ എക്ടോർമെൽ ട്യൂമർ എന്ന രോഗബാധിതനാണെന്ന് തിരിച്ചറിയുന്നത്. ഇതിനെ തുടർന്ന് മാതാപിതാക്കളും ബന്ധുക്കളും ചേർന്ന് ഇന്ത്യയിലെ തന്നെ പ്രമുഖ ആശുപത്രികളിൽ ചികിത്സ തേടി ചെന്നു. കാൻസർ രോഗത്തിന് നൽകുന്ന മരുന്നുകളും റേഡിയേഷൻ ചികിത്സയും നൽകിയെങ്കിലും ഒന്നും ഫലവത്തായില്ല. ഇക്കാരണത്താൽ ജോസി നിരന്തരമായ വേദനയും പനിയും മൂലം പുളയുകയാണ്.

കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ പ്രൊഫസറായിരുന്ന കാൻസർ ചികിത്സാരംഗത്തെ പ്രമുഖനും മുതിർന്ന ഓങ്കോളജിസ്റ്റുമായ ഡോ.സി.എസ്.മധുവാണ് കഴിഞ്ഞ കുറെ നാളുകളായി ചികിൽസിക്കുന്നത്. ജോസിയുടെ ആത്മ ധൈര്യവും മാതാപിതാക്കളുടെ മുഴുവൻ സമയ പരിചരണവുമാണ് ഈ യുവാവിന് വേണ്ടി നൂതന ചികിത്സാരീതികൾ കണ്ടെത്താൻ ശ്രമിക്കാനുള്ള കാരണമെന്ന് ഡോ.മധു പറയുന്നു. ഏക മകനുവേണ്ടി എന്തും ത്യജിക്കാനും ഏതു ചികിത്സ നൽകാനും മാതാപിതാക്കൾ തയ്യാറാണ്. ഡോ.മധുവിന്റെ അഭിപ്രായത്തിൽ കാൻസർ ചികിത്സാരംഗത്ത് വിദേശങ്ങളിൽ ഏറെ ഗുണപ്രദമെന്നു കണ്ടെത്തിയനിവോലുമാമ്പ് എന്ന ഇമ്മ്യൂണോതെറാപ്പി ജോസ്സിയിലും നിർണായക ഫലം ഉണ്ടാക്കിയേക്കാം. ഡോ.മധുവിന്റെ പൂർവ വിദ്യാർത്ഥിയും ന്യൂയോർക്കിലെ ക്ളിവ് ലാൻഡ് ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുന്ന പ്രശസ്തനായ ഓങ്കോ ളജിസ്റ്റ് ഡോ.സാബി ജോർജിനെയും നാട്ടിൽവെച്ച് നേരിൽ കണ്ട് ജോസിയുടെ മാതാപിതാക്കൾ ചികിത്സാ സഹായം തേടിയിരുന്നു. അദ്ദേഹവും ഇമ്മ്യൂണോ തെറാപ്പി തന്നെയാണ് ഫല പ്രദമെന്ന് വിലയിരുത്തുക യാണുണ്ടായത്.

ജോസിക്ക് ഒരുതവണ ഇമ്മ്യൂണോതെറാപ്പി ചികിത്സയ്ക്ക് 2 ലക്ഷം രൂപയോളം ചെലവുവരും. കുറഞ്ഞ പക്ഷം 6 തവണയെങ്കിലും ഈ ചികിത്സാരീതി ഉപയോഗിക്കണം. കൂടാതെയുള്ള ചികിത്സയും സംരക്ഷയും തുടരുകയും വേണം. കഴിഞ്ഞ 4 വർഷത്തെ ചികിത്സകൊണ്ട് കിടപ്പാടം ഉൾപ്പെടെ ജോസിക്കും കുടുംബത്തിനും നഷ്ടപ്പെട്ടു കഴിഞ്ഞു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സഹായത്തോടെയാണ് ഇപ്പോൾ ചികിത്സ നടന്നുവരുന്നത്.

ഈ ഒരു അവസ്ഥയിലാണ് ജോസ്സിയും കുടുംബവും ഫാ.ഡേവിസ് ചിറമേലിനെ നേരിൽ കണ്ട് സഹായം തേടിയത്. അപൂർവങ്ങളിൽ അപൂർവ്വരോഗം ബാധിക്കുന്നവരുടെ ദുരവസ്ഥ മനസിലാക്കി ജോസിയെ സഹായിക്കുവാൻ ഉദാരമതികളായ സുമനസുകൾ മുന്നോട്ടു വരണമെന്ന് ഫാ.ഡേവിസ് ചിറമേൽ അഭ്യർഥിച്ചു. ചികിത്സക്കായുള്ള Nivolumab 140 മരുന്ന് നൽകാൻ കഴിയുമെങ്കിൽഅത്തരത്തിലും സഹായിക്കാം. ഇന്ത്യയിൽ ഈ മരുന്നിന് വിദേശത്തേക്കാൾ വിലക്കുറവാണ്.

ചികിത്സാ സഹായങ്ങൾ ജോസിയുടെ മാതാവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

Bank Details: Jessy Sholly, A/c No. 32714152184, State Bank of India, Vilangan.P.O, Amala Nagar, Trichur, IFSC Code : SBIN 0008693

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :

Fr. Davis Chiramal - 98462 36342 frdavischiramel@gmail.com

ഓവർസീസ് ഫ്രണ്ട്സ് ഓഫ് ബി.ജെ.പി അപലപിച്ചു

ന്യൂയോർക്ക്: പിണറായി വിജയന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് ഭരണമേറ്റതിനു ശേഷം കേരളത്തിൽ അടിക്കടി ബി ജെ പി /സംഘ പരിവാർ പ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കുമെതിരെ ഓവർസീസ് ഫ്രണ്ട്സ് ഓഫ് ബിജെപി യു എസ് എ ശക്തമായി അപലപിച്ചു.

ജീവഭയം കൊണ്ട് ആളുകളെ ബി ജെ പിയിൽ നിന്ന് അകറ്റുകയാണ് ഇവരുടെ ഉദ്ദേശ്യം. അതുകൊണ്ടു കേന്ദ്രം ഇതിനെതിരെ ശക്തമായ നടപടിയെടുത്തു കുറഞ്ഞ പക്ഷം കണ്ണൂരിലെങ്കിലും അഫ്സ്പയുടെ (Armed Forces special protection Act) നിയന്ത്രണത്തിലാക്കണമെന്നും ഒരു പ്രസ്താവനയിൽ കേന്ദ്രത്തോട് അഭ്യർത്ഥിച്ചു.

ഓവർസീസ് ഫ്രണ്ട്സ് ഓഫ് ബിജെപിക്കു വേണ്ടി ന്യൂയോർക്ക് കൺവീനർ ശിവദാസൻ നായർ ഒരു പ്രസ്താവനയിലൂടെ അറിയിച്ചതാണിത്.

പുണ്യംപകർന്ന് ഗീതാമണ്ഡലം മകരവിളക്ക് മഹോത്സവം ആഘോഷിച്ചു

ചിക്കാഗോ: ശ്രീലക്ഷ്മിനാരായണ ശാസ്ത്രികളുടെ നേതൃത്വത്തിൽ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് പൂജകൾ, മകരസംക്രമ നാളിൽ ഭക്തിസാന്ദ്രവും ശരണഘോഷമുഖരിതമായ അന്തരീക്ഷത്തിൽ ഗീതാ മണ്ഡലത്തിൽ സമാപിച്ചു.

മകരസംക്രമനാളിൽ, പുലർച്ചെ സിദ്ധിവിനായക മൂർത്തിയുടെ നിർമ്മാല്യ ദർശനത്തോടെയാണ് ഈ വർഷത്തെ മകരവിളക്ക് പൂജകൾ ആരംഭിച്ചത്. മഹാഗണപതിക്ക് നേത്രോന്മിലീനം, ആവാഹ നാദി സ്നാനം എന്നീ ചടങ്ങുകൾക്ക് ശേഷം ഗണഞ്ജയാദി പരിവാരമന്ത്രജപത്തോടെ അഷ്ടദ്രവ്യ കലശമാടി. തുടർന്ന് വസ്ത്രാദി ഉപഹാരങ്ങൾ സമർപ്പിച്ച്, ജലഗന്ധപുഷ്പധൂപ ദീപാന്തം പൂജിച്ച്, അർഘ്യം നൽകിയശേഷം ഗണപതി അഥർവോപനിഷത്ത് മന്ത്രം ചൊല്ലി പുഷ്പാഭിഷേകവും അഷ്ടോത്തര അർച്ചനയും ദീപാരാധനയും നടത്തി.

ബിജു കൃഷ്ണൻസ്വാമിയുടെ നേതൃത്വത്തിൽ, കലാക്ഷേത്രയുടെ വാദ്യഘോഷ അകമ്പടിയോടെ നടന്ന തിരുവാഭരണ ഘോഷയാത്ര യായിരുന്നു. തിരുവാഭരണ ഘോഷയാത്രയെ, താലപ്പൊലിയേന്തിയ മാളികപ്പുറങ്ങൾ ക്ഷേത്ര അങ്കണത്തിലേക്ക് സ്വീകരിച്ചു. മകരസംക്രാന്തി നാളിൽ അയ്യപ്പ സ്വാമിയെ അണിയിക്കുവാൻ കൊണ്ടുവന്ന തിരുവാഭരണങ്ങൾ, ദേവശില്പിയായ ശ്രീ നാരായണൻജി തീർത്ത തിരുവാഭരണപ്പെട്ടിയിലാണ്, തിരുവാഭരണങ്ങൾ സൂക്ഷിച്ചിരുന്നത്. ഇതിൽ തൊട്ട് മണികണ്ഠ പൊരുളിന്റെ അനുഗ്രഹം വാങ്ങുവാൻ വൻ ഭക്തജനപ്രവാഹത്തെയാണ് കാണാൻ കഴിഞ്ഞത്.

അയ്യപ്പതത്വം കുട്ടികളിലൂടെ പഠിക്കാം എന്ന പ്രോഗ്രാമിൽ പങ്കെടുക്കുകയും മുതിർന്നവർക്ക് അയ്യപ്പ തത്വം പഠിപ്പിച്ചു കൊടുക്കുകയും ചെയ്ത കുട്ടികളെ, ഗീതാമണ്ഡലം പ്രസിഡന്റ് ശ്രീ. ജയ് ചന്ദ്രൻ അവാർഡുകൾ നൽകി അനുമോദിച്ചു. ജീവനുള്ളവയും, ഇല്ലാത്തവയുമായ സമസ്തത്തിനും ഉദ്വസ്ഥാനവും, ലയസ്ഥാനവും ആയിരിക്കുന്ന, സത്യമായ ചൈതന്യമാണ് പരമാത്മാവ്. ഈ പരമാത്മാവ് തന്നെയാണ് എല്ലാ ജീവികളിലും ഞാൻ എന്ന ബോധത്തോടെ പ്രകാശിക്കുന്ന ജീവാത്മാവ് . ഈ പരമാത്മാവിന്റെ, ചൈതന്യം തന്നെയാണ് പ്രപഞ്ചത്തിൽ എങ്ങും നിറഞ്ഞു നിൽക്കുന്നത്. ഈ പരമമായ സത്യം തിരിച്ചറിയുവാനുള്ള അവസരം ആണ് ഓരോ മണ്ഡല മകരവിളക്ക് കാലവും എന്ന് ശ്രീ. ജയ്ചന്ദ്രൻ അഭിപ്രായപ്പെട്ടു. പൂജകൾക്കും ഭജനകൾക്കും ആത്മീയ നേതൃത്വം നല്കുന്ന ആനന്ദ്പ്രഭാകറിനു പ്രത്യേകനന്ദി പ്രകാശിപ്പിച്ചു.

നോർത്ത് അമേരിക്കൻ ക്നാനായ കാത്തലിക് വിമൻസ് ഫോറത്തിന് പുതിയ സാരഥികൾ

ലോസ്ആഞ്ചലസ്: ജനുവരി 23-നു നടന്ന നാഷണൽ കൗൺസിൽ മീറ്റിംഗിൽ നോർത്ത് അമേരിക്കൻ ക്നാനായ കാത്തലിക് വിമൻസ് ഫോറത്തിന്റെ (കെ.സി.ഡബ്ല്യൂ.എഫ്.എൻ.എ) പുതിയ പ്രസിഡന്റായി സ്മിത വെട്ടുപാറപ്പുറത്തിനെ ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. സെക്രട്ടറിയായി ദിവ്യ വള്ളിപടവിൽ, വൈസ് പ്രസിഡന്റായി ആൻസി കുപ്ലിക്കാട്ട്, ജോയിന്റ് സെക്രട്ടറിയായി അനിഷ കാരിക്കാട്ട്, ട്രഷററായി ജൂബി ഊരാളിൽ, ജോയിന്റ് ട്രഷററായി ബെറ്റ്സി തച്ചാറ, റീജണൽ വൈസ് പ്രസിഡന്റുമാരായി ജെയ്ന ഇലക്കാട്ട്, ബിന്ദു കൈതാരം എന്നിവരേയും തെരഞ്ഞെടുത്തു.

പ്രസിഡന്റ് സ്മിത, നെല്ലിമറ്റത്തിൽ സൈമൺ- അന്ന ദമ്പതികളുടെ മകളാണ്. ഭർത്താവ് മാത്യു വെട്ടുപാറപ്പുറം, മക്കളായ ജെയ്ക്, സൈമൺ എന്നിവരോടൊപ്പം ലോസ് ആഞ്ചലസിൽ താമസിക്കുന്നു. ചെറുപ്പം മുതൽ വിദ്യാഭ്യാസരംഗത്ത് മാറ്റുരച്ചിട്ടുള്ള സ്മിത ഇപ്പോൾ നഴ്സ് പ്രാക്ടീഷണറായി ജോലി ചെയ്യുന്നു. ലോസ് ആഞ്ചലസിലെ ക്നാനായ കമ്യൂണിറ്റിയിലും മറ്റു മലയാളി അസോസിയേഷനുകളിലേയും സജീവ പ്രവർത്തക കൂടിയാണ് സ്മിത. നോർത്ത് അമേരിക്കയിലെ സ്ത്രീകളുടെ ഇടയിലേക്ക് ഇറങ്ങി ചെന്ന് അവരെ എംപവർ ചെയ്യുകയും കമ്യൂണിറ്റിയിൽ ഒരു നല്ല മാറ്റം വരുത്തുകയും ചെയ്യുക യാണ് പുതിയ ടീമിന്റെ ലക്ഷ്യമെന്ന് പറഞ്ഞു.

നിര്യാതരായി

സാറാമ്മ ചാക്കോ

കോട്ടയം: കർഷക കോൺഗ്രസ് പ്രസിഡന്റും, തിരുവാർപ്പ് പഞ്ചായത്ത് അംഗവും, മലയാള മനോരമ വെൽഫെയർ ഓഫീസറുമായിരുന്ന പരേതനായ തിരുവാർപ്പ് തെക്കേച്ചിറ ടി.വി. ചാക്കോയുടെ ഭാര്യ സാറാമ്മ ചാക്കോ (74) കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ വച്ചു നിര്യാതയായി. സംസ്കാരം തിരുവാർപ്പ് മർത്തശ്മൂനി യാക്കോബായ സുറിയാനി പള്ളിയിൽ.

ജയിംസ് കുട്ടി ജേക്കബ് (മലയാള മനോരമ നോൺ ജേർണലിസ്റ്റ് യൂണിയൻ പ്രസിഡന്റ്) ഏക പുത്രനും, സൂസൻ സാജൻ (ആർ.എൻ, മെതഡിസ്റ്റ് മെഡിക്കൽ സെന്റർ, ടെക്സസ്), മെറീന മനോജ് (കോട്ടയം) എന്നിവർ പുത്രിമാരുമാണ്. അമ്പിളി (എം.ടി സെമിനാരി സ്കൂൾ അദ്ധ്യാപിക), കങ്ങഴ പുതുപ്പറമ്പിൽ സാജൻ ബാപ്പു (ഡാലസ്, ടെക്സസ്), കോട്ടയം ചൂട്ടുവേലിൽ റോസ് വില്ലയിൽ മനോജ് മാത്യൂസ് (മിഡാസ്) എന്നിവർ ജാമാതാക്കളും, അഞ്ജു, അഞ്ജന, കൃപ, കെവിൻ, ആഷിക, ആശിൻ എന്നിവർ കൊച്ചുമക്കളുമാണ്.

മണർകാട് വെട്ടിക്കുന്നേൽ കുടുംബാംഗമാണ് പരേത. ദിവംഗതനായ വെട്ടിക്കുന്നേൽ കുര്യാക്കോസ് കശീശ്ശ (വല്യച്ചൻ)യുടെ പേരക്കുട്ടിയും, കുര്യാക്കോസ് കോർ എപ്പിസ്കോപ്പയുടെ സഹോദര പുത്രിയുമാണ്.

കുര്യാക്കോസ്, കുര്യൻ, ഏബ്രഹാം ജോസഫ് (ഫിലാഡൽഫിയ), എൽസിക്കുട്ടി, മേരിക്കുട്ടി, തങ്കമണി, സൂസൻ (ന്യൂജേഴ്സി) എന്നിവർ സഹോദരങ്ങളാണ്.

ദീർഘകാലം മകൾ സൂസൻ സാജന്റെ കുടുംബത്തോടൊപ്പം ന്യൂയോർക്കിലും ഡാലസിലും താമസിച്ചിരുന്ന പരേത ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ സജീവ സാന്നിധ്യമായിരുന്നു.

ബിജു ചെറിയാൻ അറിയിച്ചതാണിത്.

സാജു ആലപ്പാട്ട്

വാഷിംഗ്ടൺ ഡിസി : തൃശൂർ ഒളരിക്കര ആലപ്പാട്ട് പരേതനായ എ.വി ഇട്ടിയച്ചന്റെയും മേരിയുടെയും മകൻ സാജു ആലപ്പാട്ട് (43) അമേരിക്കയിൽ മേരിലാന്റിലെ ബോയ്ഡ്സിൽ ജനുവരി 16 ന് നിര്യാതനായി.

ടെസ്സി ആലപ്പാട്ട് ഭാര്യ, ജോനാഥൻ ഏകമകൻ. പരേതൻ മേരിലാന്റിലെ നിത്യസഹായ മാതാ സീറോമലബാർ പള്ളി ഇടവകാംഗമാണ്.

പൊതുദർശനം ജനുവരി 20 വെള്ളിയാഴ്ച വൈകുന്നേരം നാലുമണി മുതൽ എട്ടുമണിവരെയും (Mother Seton Catholic Church- 19951 Father Hurley Boule vard Germantown, MD 20876.) സംസ്കാരവും നടന്നു.

കൂടുതൽ വിവരങ്ങൾക്ക് : ചെറിയാൻ പരേപ്പാടൻ (301 602 4567), ജാസ്മിൻ ജോസ് (410 402 0634).

മനോജ് മാത്യു അറിയിച്ചതാണിത്.

ചിന്നമ്മ

പൊൻകുന്നം: കൊച്ചറയ്ക്കൽ അപ്പച്ചന്റെ (അഗസ്റ്റിൻ) ഭാര്യ ചിന്നമ്മ (87) നിര്യാതയായി. സംസ്കാരം വ്യാഴാഴ്ച 2.30-ന് തിരുകുടുംബ പള്ളിയിൽ. പരേത മേരികുളം പുളിക്കൽ കുടുംബാംഗമാണ്.

മക്കൾ: ബേബി (കാനഡ), പരേതയായ മേരി (മോളി), ജയിംസ് (കാനഡ), ബിനോയി (സൗദി), ജസി (യു.കെ.), ഡയ്സി (ഡൽഹി), സോയി (യു.കെ), ആൻസി ജോയി (യു.എസ്.എ, ഡാലസ് സെന്റ് അൽഫോൻസാ പള്ളി ഇടവകാംഗം). മരുമക്കൾ: ഫിലോ വെളിയണ്ണൂക്കാരൻ മൂവാറ്റുപുഴ (കാനഡ), പരേതനായ ജോർജ് കൈതോലിൽ (നെടിയശാല), സോളി തേവാരിൽ എറണാകുളം (കാനഡ), ഷൈനി അയ്മനംകുഴി പാറമ്പുഴ (സൗദി), ജയിംസ് പുതുപ്പറമ്പിൽ കാഞ്ഞിരപ്പള്ളി (യു.കെ), സണ്ണി പാലയ്ക്കൽ ശാന്തിഗ്രാം (ഡൽഹി), ഷാജി പാറേക്കാട്ട് മറ്റപ്പള്ളിൽ പൂവരണി (യു.കെ), ജോമോൻ വാവോലിൽ (ചിറക്കടവ്), ക്രിസ്റ്റി വാടാനയിൽ ചേർപ്പുങ്കൽ (യു.എസ്.എ).

കെ.സി.സി.എൻ.എ തെരെഞ്ഞെടുപ്പ് മാർച്ച് 4 ന് ഫിലാഡൽഫിയയിൽ

ഷിക്കാഗോ: 2017- 2019 കാലയളവിലേക്ക് നോർത്ത് അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ കൂട്ടായ്മയായ ക്നാനായ കാത്തലിക്ക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയെ നയിക്കുവാനുള്ള തെരഞ്ഞെടുപ്പ് മാർച്ച് നാലിന് ഫിലാഡൽഫിയയിൽ നടക്കും.

രണ്ടു പാനലുകളിലൂടെ സ്ഥാനാർത്ഥികൾ തങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കിയതോടു കൂടി തെരെഞ്ഞെടുപ്പ് പ്രചാരണം ഇതിനകം തന്നെ ചൂട് പിടിച്ചു കഴിഞ്ഞു. പല യൂണിറ്റുകളിലും ഇരു പാനലുകളിലെയും സ്ഥാനാർത്ഥികൾ വോട്ടഭ്യർത്ഥിച്ച് ഇതിനകം തന്നെ എത്തിക്കഴിഞ്ഞു. ഫ്ലോറിഡയിലെ താമ്പായിൽ നിന്നും ജെയിംസ് ഇല്ലിക്കൽ നേതൃത്വം നൽകുന്ന പാനലും ടെക്സാസിലെ ഹൂസ്റ്റണിൽ നിന്നും ബേബി മണക്കുന്നേൽ നേതൃത്വം നൽകുന്ന പാനലുമാണ് തെരഞ്ഞെടുപ്പിനായി ഒരുങ്ങുന്നത്. പ്രസിഡണ്ട് സ്ഥാനാർഥികളായി ജെയിംസ് ഇല്ലിക്കലും ബേബി മണക്കുന്നേലും എത്തുമ്പോൾ, വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ഷിക്കാഗോയിൽ നിന്നും മേയമ്മ വെട്ടിക്കാട്ടും അറ്റ്ലാന്റയിൽ നിന്നും സൈമൺ ഇല്ലിക്കാട്ടിലും മത്സരിക്കും. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഡാളസ്സിൽ നിന്നും യുവത്വം തുളുമ്പുന്ന ജൈസൺ ഒളിയിലും ന്യൂയോർക്കിൽ നിന്നുള്ള എബ്രഹാം പുതിയടത്ത്ശേരിലുമാണ് മത്സരിക്കുന്നത്. ന്യൂയോർക്കിൽ നിന്നും ജയ്ക്ക് പോളപ്രയിലും മിയാമിയിൽ നിന്നും ജേക്കബ് (രജ്ഞൻ) പാടവത്തിലും ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്കും സാൻ അന്റോണിയായിൽ നിന്നും ഷീജോ പഴംപള്ളിലും ലോസാഞ്ചൽസിൽ നിന്നും അനിൽ മറ്റപ്പള്ളികുന്നേലും സ്ഥാനാർത്ഥികളാകും. കെ സി സി എൻ എ യുടെ അംഗസംഘടനകളിൽ എല്ലാം തന്നെ നാഷണൽ കൗൺസിൽ അംഗങ്ങളുടെ തെരെഞ്ഞെടുപ്പ് പൂർത്തിയായി കഴിഞ്ഞതോടെ വോട്ടഭ്യർത്ഥന ഇരു പാനലിലെയും സ്ഥാനാർത്ഥികൾ ശക്തമാക്കിയിട്ടുണ്ട്. കൂടാതെ കെ സി സി എൻ എ യുടെ ഭാഗമായ കെ.സി.വൈ.എൽ.എൻ.എ, കെ.സി.ഡബ്ല്യു.എഫ്.എൻ.എ തുടങ്ങിയ പോഷക സംഘടനകളുടെയുംഭാരവാഹികളെ തെരെഞ്ഞെടുത്തതോടെ ഇനി എല്ലാ കണ്ണുകളും ഫിലാഡെൽഫിയായിലേക്ക് തിരിയുകയാണ് . നാഷണൽ കൗൺസിൽ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന എക്സിക്യൂട്ടീവ് സ്ഥാനങ്ങളിലേക്ക് പാനൽ സംവിധാനത്തിന് അതീതമായ തെരഞ്ഞെടുപ്പാണ് നടക്കുന്നത് എങ്കിൽ പോലും ശക്തമായ പാനൽ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തപ്പെടുന്ന തെരെഞ്ഞെടുപ്പ് പ്രചാരണങ്ങൾ ഇതിനകം തന്നെ നോർത്ത് അമേരിക്കയിലെ ക്നാനായ സമൂഹത്തിൽ അലയൊലികൾ തീർത്തു കഴിഞ്ഞു.

ഈ വരുന്ന മാർച്ച് 4ന് Assumption Church, 10197 North East Ave., Philadelphia 19117 ൽ വെച്ച് നടക്കുവാനിരിക്കുന്ന തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുമ്പോൾ, വേണ്ടതെല്ലാം ചെയ്യുവാനും, വേണ്ടത് പോലെ എല്ലാവരെയും സ്വീകരിക്കുവാനും ഉള്ള ഒരുക്കത്തിലും ഉത്സാഹത്തിലുമാണ് ഫിലാഡൽഫിയ ക്നാനായ കാത്തലിക്ക് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ ക്ലമന്റ് പതിയിലും മറ്റ് കമ്മറ്റിയംഗങ്ങളും. സ്ഥാനാർഥികൾക്കും സമ്മതിദായകർക്കും സമുദായ സ്നേഹികൾക്കുമായി മാർച്ച് മൂന്ന്, നാല് തീയതികളിൽ പ്രത്യേക നിരക്കിൽ തൊട്ടടുത്തുള്ള Holiday Inn Express, Bensalem, PA 19020ൽ താമസ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കെ.സി.സി.എൻ.എ ഇലക്ഷൻ 2017- 2019 ഒരു വൻ വിജയമാക്കിത്തീർക്കുവാനും, അതിൽ പങ്ക് കൊള്ളുവാനും, അതിന് സാക്ഷ്യം വഹിക്കുവാനും ഏവരെയും ക്ഷണിക്കുന്നതായി ശ്രീ ക്ലെമന്റ് പതിയിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി 215 245 5222.

അനിൽ മറ്റത്തിക്കുന്നേൽ അറിയിച്ചതാണിത്.

കെ.സി.എസ് കളരിക്ക് പുതിയ പഠനകേന്ദ്രം

വാഷിംഗ്ടൺ: കേരളാ കൾച്ചറൽ സൊസൈറ്റി ഓഫ് മെട്രോപോളിറ്റൻ വാഷിംഗ്ടണിന്റെ മലയാള ഭാഷാപഠന പദ്ധതിയായകളരിക്ക് പുതിയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. കേരള സർക്കാരിന്റെ പദ്ധതിയായ മലയാളം മിഷന്റെ അംഗീകാരമുള്ള കളരി, വാഷിംഗ്ടൺ മെട്രോ പ്രദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു.

ജനുവരി 21-നു ശനിയാഴ്ച നടന്ന ചടങ്ങിൽ കെ.സി.എസ്.എം.ഡബ്ല്യു പ്രസിഡന്റ് സന്ദീപ് പണിക്കർ ഭദ്രദീപം കൊളുത്തി പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കുമാരി നിവേദിത അരുൺകുമാർ ആലപിച്ച ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച ചടങ്ങിൽ കെ.സി.എസ്.എം.ഡബ്ല്യു സെക്രട്ടറി സന്തോഷ് ജോർജ്, സംഘാടകരായ സുലേഖ സജീവ്, അർച്ചന നായർ, ബീന ടോമി എന്നിവർ സംസാരിച്ചു. കളരി അധ്യാപകരായ ജ്യോതി വിനീത് സ്വാഗതവും, ധന്യ അരുൺകുമാർ നന്ദിയും പറഞ്ഞു. വർഷാരംഭത്തിൽ തന്നെ പുതിയ ക്ലാസുകൾ തുടങ്ങാൻ കഴിഞ്ഞതിൽ കെ.സി.എസ്.എം.ഡബ്ല്യു ഭാരവാഹികളും, കളരി പരിശീലകരും സംതൃപ്തി പ്രകടിപ്പിച്ചു.

മേരിലാന്റിലെ ജർമൻ ടൗണിലും, കൊളംബിയയിലും നിലവിൽ രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിർജീനിയയിലെ ഫെയർഫാക്സിലാണ് മൂന്നാമതായി തുറന്ന കളരി പഠന കേന്ദ്രം.

അഞ്ചുവയസ്സിനു മുകളിൽ പ്രായമുള്ള ഏവർക്കും കളരിയിൽ പ്രവേശനം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കെ.സി.എസ്.എം.ഡബ്ല്യു കമ്മിറ്റി അംഗങ്ങളിൽ ആരുമായും ബന്ധപ്പെടാവുന്നതാണ്.

Ronald Trump

hopes and dreams will define your American destiny

Chief Justice Roberts, President Carter, President Clinton, President Bush, fellow Americans and people of the world – thank you.

We the citizens of America have now joined a great national effort to rebuild our county and restore its promise for all our people.

Together we will determine the course of America for many, many years to come.

Together we will face challenges. We will confront hardships. But we will get the job done.

Every four years we gather on these steps to carry out the orderly and peaceful transfer of power.

And we are grateful to President Obama and First Lady Michelle Obama for their gracious aid throughout this transition. They have been magnificent, thank you.

Today's ceremony, however, has very special meaning because today we are not merely transferring power from one administration to another – but transferring it from Washington DC and giving it back to you the people.

For too long a small group in our nation's capital has reaped the rewards of government while the people have borne the cost.

Washington flourished but the people did not share in its wealth. Politicians prospered but the jobs left and the factories closed.

The establishment protected itself but not the citizens of our country.

Their victories have not been your victories. Their triumphs have not been your triumphs. While they have celebrated there has been little to celebrate for struggling families all across our land.

That all changes starting right here and right now because this moment is your moment. It belongs to you. It belongs to everyone gathered here today and everyone watching all across America today.

This is your day.

This is your celebration.

And this – the United States of America – is your country.

What truly matters is not what party controls our government but that this government is controlled by the people.

Today, January 20 2017, will be remembered as the day the people became the rulers of this nation again.

The forgotten men and women of our country will be forgotten no longer. Everyone is listening to you now.

You came by the tens of millions to become part of a historic movement – the likes of which the world has never seen before.

At the centre of this movement is a crucial conviction – that a nation exists to serve its citizens.

Americans want great schools for their children, safe neighbourhoods for their families and good jobs for themselves.

These are just and reasonable demands

Mothers and children trapped in poverty in our inner cities, rusted out factories scattered like tombstones across the landscape of our nation.

An education system flushed with cash, but which leaves our young and beautiful students deprived of all knowledge. And the crime and the gangs and the drugs which deprive people of so much unrealised potential.

We are one nation, and their pain is our pain, their dreams are our dreams, we share one nation, one home and one glorious destiny.

Today I take an oath of allegiance to all Americans. For many decades, we've enriched foreign industry at the expense of American industry, subsidised the armies of other countries, while allowing the sad depletion of our own military.

We've defended other nations' borders while refusing to defend our own.

And spent trillions and trillions of dollars overseas while America's infrastructure has fallen into disrepair and decay.

We have made other countries rich while the wealth, strength and confidence of our country has dissipated over the horizon.

One by one, shutters have closed on our factories without even a thought about the millions and millions of those who have been left behind.

But that is the past and now we are looking only to the future.

We assembled here today are issuing a new decree to be heard in every city, in every foreign capital, in every hall of power – from this day on a new vision will govern our land – from this day onwards it is only going to be America first – America first!

Every decision on trade, on taxes, on immigration, on foreign affairs will be made to benefit American workers and American families.

Protection will lead to great prosperity and strength. I will fight for you with every bone in my body and I will never ever let you down.

America will start winning again. America will start winning like never before.

We will bring back our jobs, we will bring back our borders, we will bring back our wealth, we will bring back our dreams.

We will bring new roads and high roads and bridges and tunnels and railways all across our wonderful nation.

We will get our people off welfare and back to work – rebuilding our country with American hands and American labour.

We will follow two simple rules – buy American and hire American.

We see good will with the nations of the world but we do so with the understanding that it is the right of all nations to put their nations first.

We will shine for everyone to follow.

We will reinforce old alliances and form new ones, and untie the world against radical Islamic terrorism which we will eradicate from the face of the earth.

At the bed rock of our politics will be an allegiance to the United States.

And we will discover new allegiance to each other. There is no room for prejudice.

The bible tells us how good and pleasant it is when god's people live together in unity.

When America is united, America is totally unstoppable.

There is no fear, we are protected and will always be protected by the great men and women of our military and most importantly we will be protected by god.

Finally, we must think big and dream even bigger. As Americans, we know we live as a nation only when it is striving.

We will no longer accept politicians who are always complaining but never doing anything about it.

The time for empty talk is over, now arrives the hour of action.

Do not allow anyone to tell you it cannot be done. No challenge can match the heart and fight and spirit of America. We will not fail, our country will thrive and prosper again.

We stand at the birth of a new millennium, ready to unlock the mysteries of space, to free the earth from the miseries of disease, to harvest the energies, industries and technologies of tomorrow.

A new national pride will stir ourselves, lift our sights and heal our divisions. It's time to remember that old wisdom our soldiers will never forget, that whether we are black or brown or white, we all bleed the same red blood of patriots.

We all enjoy the same glorious freedoms and we all salute the same great American flag and whether a child is born in the urban sprawl of Detroit or the windswept plains of Nebraska, they look at the same night sky, and dream the same dreams, and they are infused with the breath by the same almighty creator.

So to all Americans in every city near and far, small and large, from mountain to mountain, from ocean to ocean – hear these words – you will never be ignored again.

Your voice, your hopes and dreams will define your American destiny.

Your courage, goodness and love will forever guide us along the way.

Together we will make America strong again, we will make America wealthy again, we will make America safe again and yes – together we will make America great again.

Thank you.

God bless you.

ഒ.എൻ.വി മലയാളത്തിന്റെ വരദാനം

ജോർജ് തഴക്കര

സാഹിത്യത്തിലേക്കുള്ള പ്രേരണ നൽകിയത് അച്ഛന്റെ സുഹൃത്തുക്കളായ 'ടാ ഗോർ സാർ' എന്നറിയപ്പെടുന്ന ടി.കെ.നാണുവും സംസ്കൃത പണ്ഡിതനായ കെ. കൊച്ചുനാണുവുമായിരുന്നു.

ശങ്കരമംഗലം ഗവൺമെന്റ് സ്കൂളിലായിരുന്നു വിദ്യാഭ്യാസം. വെള്ളിയാഴ്ച ദിവസം മുസ്ലീം വിദ്യാർത്ഥികൾക്ക് നിസ്കരിക്കുന്നതായി അരമണിക്കൂർ സമയം അനുവദിച്ചിരുന്നു. ഈ സമയത്ത് താല്പര്യമുള്ള കുട്ടികൾ സാഹിത്യസംഗമം നടത്തിയിരുന്നു. ഒരാൾ എഴുതിയ കവിത അവതരിപ്പിക്കുന്നതോടെ സാഹിത്യസമാജം ആരംഭിക്കും. ഒ.എൻ.വിയുടെ ഊഴമെത്തി. ശ്ലോകം ബ്ലാക് ബോർഡിൽ എഴുതിയപ്പോൾ 'തെറ്റ്, വൃത്തം തെറ്റ്' എന്നു പറഞ്ഞു കൊണ്ട് ശ്രീകണ്ഠൻനായർ എതിർത്തു. എങ്കിൽ മുൻഷിസാറിനെ കാണിക്കാമെന്നായി സുഹൃത്തായ കുമാരനാശാരി. എഴുതിയ ആളിനെ മുൻഷിസാർ അഭിനന്ദിച്ചു. ഒ.എൻ.വി. എന്ന കവി അവിടെ ജനിക്കുകയായിരുന്നു.

സ്കൂളിനടുത്തുള്ള ശങ്കരൻതമ്പി വായനശാലയിൽ പുതിയതായി വന്ന പുസ്തകങ്ങൾ കുട്ടൻപിള്ള വായിക്കാനായി നൽകി.

1953ൽ യൂണിവേഴ്സിറ്റി കോളജിൽ എം.എ. മലയാളത്തിനു ചേർന്നു. പഠിക്കുവാനുള്ള പണസമ്പാദനത്തിനായി മിലിറ്ററിയിൽ നിന്നും വിരമിച്ച സോമൻനായർ ആരംഭിച്ച ജനതാട്യൂട്ടോറിയൽ കോളജിൽ അദ്ധ്യാപകനായി. ക്ലാസുകഴിയുമ്പോൾ അവിടെ തന്നെ കിടക്കുകയായിരുന്നു പതിവ്. ആദ്യം പഠിപ്പിച്ചത് സരോജിനി നായിഡുവിന്റെ'ബാങ്കിൾ സെല്ലേഴ്സ്' എന്ന കവിതയായിരുന്നു. പെരുന്താനിയിലായിരുന്നു താമസം. അവിടേക്ക് സുഹൃത്തായ ദേവരാജൻ വരും. കവിതാപുസ്തകമെടുത്ത് അതിലെ ചില കവിതകൾ മൂളി മൂളി പുതിയൊരു രാഗത്തിലാക്കും. അക്കൂട്ടത്തിൽ ആദ്യം സ്വരപ്പെടുത്തിയത് ചങ്ങമ്പുഴയുടെ 'ആ രഹസ്യം' എന്ന കവിതയായിരുന്നു. ഇക്കാലത്ത് പ്രസിദ്ധീകരിച്ച കവിതാ സമാഹാരമാണ് 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നത്. ക്രിസ്മസ് അവധിക്കാലത്ത് കൊല്ലത്തെത്തിയപ്പോൾ ഒ.എൻ.വി. കെ.പി.എ.സിയുമായി ബന്ധപ്പെട്ടു. 'നിങ്ങൾ എന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകത്തിനു വേണ്ടി ആദ്യമായി ഗാനങ്ങൾ എഴുതി.

സാഹിത്യത്തിൽ ബിരുദാനന്തരബിരുദം ഒന്നാം റാങ്കോടു നേടിയ ഒ.എൻ.വി. മുണ്ടശ്ശേരിയുടെ അവതാരികയോടുകൂടി 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചു. അദ്ധ്യാപകനാകണമെന്ന് ആഗ്രഹിച്ചു. തിരുകൊച്ചി രൂപീകരണത്തോടെ എറണാകുളം മഹാരാജാസ് കോളജും, ചിറ്റൂർ ഗവൺമെന്റ് കോളജും തിരുവനന്തപുരം യൂണിവേഴ്സിറ്റിയുടെ ഭാഗമായി. മൂന്നു വേക്കൻസിയുണ്ടായി. എം.അച്യുതനും എം.കെ.സാനുവുമായിരുന്നു അദ്ധ്യാപകരായ മറ്റു രണ്ടുപേർ. എറണാകുളം മഹാരാജാസ് കോളജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ആദ്യ ക്ലാസ് വൈലോപ്പിള്ളിയുടെ 'ശ്രീരേഖ'യായിരുന്നു. കോളജിനു സമീപത്തുള്ള ബോസ്ബിഗ് ലോഡ്ജിൽ താമസമാക്കി. ഇക്കാലത്ത് എം.എ.വിദ്യാർത്ഥിനിയായിരുന്ന പി.പി.സരോജിനിയുമായി പ്രണയത്തിലായി. സരോജിനിയെ 1958 ജൂൺ 5ന് നിളാതീരത്തുള്ള ദേശമംഗലത്തുവെച്ച് വിവാഹം ചെയ്തു.

1958ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലേക്ക് സ്ഥലംമാറ്റം കിട്ടി. കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളജ്, തലശ്ശേരി ഗവ.ബ്രണ്ണൻകോളജ് എന്നിവിടങ്ങളിലും പ്രവർത്തിച്ചു. തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളജിൽ നിന്നും വകുപ്പദ്ധ്യക്ഷനായിരിക്കെ സർവ്വീസിൽനിന്നും 1986ൽ വിരമിച്ചു. 'കവിതയിലെ പ്രതിസന്ധികൾ', 'സമാന്തരരേഖകൾ', 'എഴുത്തച്ഛൻ' തുടങ്ങിയ പഠനകൃതികൾ അദ്ധ്യാപകജീവിതത്തിന്റെ ഉപലബ്ധികളാണ്.

മുപ്പതോളം കവിതാസമാഹരങ്ങളായി അത് പ്രസിദ്ധീകരിക്കപ്പെട്ടു. ദാഹിക്കുന്ന പാനപാത്രം, മരുഭൂമി, നീലക്കണ്ണുകൾ, മയിൽപ്പീലി, ഒരു തുള്ളി വെളിച്ചം, അഗ്നിശലഭങ്ങൾ, അക്ഷരം, ഭൂമിക്ക് ഒരു ചരമഗീതം, ശാർങ്ഗപ്പക്ഷികൾ, മൃഗയ, തോന്ന്യാക്ഷരങ്ങൾ, അപരാഹ്നം, ഉജ്ജയിനി, വെറുതെ, സ്വയംവരം, ഭൈരവന്റെ തുടി, സൂര്യഗീതം തുടങ്ങിയവയാണ് പ്രശസ്തമായ കൃതികൾ. 1972ൽ 'അഗ്നിശലഭ'ത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ അവാർഡ്, വയലാർ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, വള്ളത്തോൾ അവാർഡ്, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, പത്മശ്രീ, പത്മവിഭൂഷൺ, ജ്ഞാനപീഠം ഉൾപ്പെടെയുള്ള അംഗീകാരങ്ങളും ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി. റഷ്യൻ സർക്കാരിന്റെ പരമോന്നത ബഹുമതിയായി പുഷ്ക്കിൻ പ്രൈസാണ് ഒടുവിൽ സ്വീകരിച്ചത്.

1982ൽ കേന്ദ്രസാഹിത്യ അക്കാദമിയുടെ ജനറൽ ബോഡിയിൽ ഉറൂബിന്റെ നിര്യാണത്തെ തുടർന്നുണ്ടായ ഒഴിവിലേക്ക് നിയമിതനായി. പിന്നീട് ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മലയാളത്തിന്റെ പ്രതിനിധിയായി തകഴി ഒ.എൻ.വിയെ നിർദ്ദേശിച്ചു. 1987വരെ കേന്ദ്രസാഹിത്യ അക്കാദമിയുടെ നിർവ്വാഹകസമിതിയിൽ അംഗമായി. 1993 മുതൽ 98 വരെ ആൾ ഇന്ത്യാ ഫെഡറേഷൻ ഒഫ് പ്രോഗ്രസീവ് റൈറ്റേഴ്സിന്റെ അദ്ധ്യക്ഷനായി.

എൻ.വി.കൃഷ്ണവാരിയർ തിരുവനന്തപുരത്ത് മാതൃഭൂമിയിൽ പ്രവർത്തിക്കുമ്പോൾ പ്രകൃതി സംരക്ഷണസമിതി എന്ന പേരിൽ ഒരു സംഘടനയ്ക്കു രൂപം നൽകി. എൻ.വി. അദ്ധ്യക്ഷനും സുഗതകുമാരി സെക്രട്ടറിയുമായി. സൈലന്റ് വാലിയുടെ നിലനിൽപിനായി തുടങ്ങിയ പ്രത്യക്ഷപ്രവർത്തനം ബഹുദൂരം മുന്നോട്ടുപോയി. അതിന്റെ മുദ്രകളിൽ പ്രധാനമായിരുന്നു 'ഭൂമിക്കൊരു ചരമഗീതം'. അത്യപൂർവ്വജീവികളുടെ ദേശീയപാർക്കായി സൈലന്റ് വാലി പ്രഖ്യാപിച്ചപ്പോൾ അതൊരു കവിതക്കൂട്ടങ്ങളുടെ പരിണതിമാത്രമായിരുന്നില്ല. കവികൾ ഭാവിയുടെ പ്രവാചകരെന്ന തോന്നൽ ജനിപ്പിക്കുകകൂടിയായിരുന്നു.

ഭാരത്ഭവൻ 1992ൽ ദേശിയ കവിസമ്മേളനത്തിന്റെ ഭാഗമായി ഉജ്ജയിനി കാണാൻപോയി. കാളിദാസവർണ്ണനയിൽ തെളിഞ്ഞുനിന്നു ഉജ്ജയിനി മനംകുളിർക്കെ കണ്ടു. കാളിദാസന്റെ ശാശ്വതസന്ദേശത്തിന്റെ സ്മാരകമായി ഉജ്ജയിനി എന്ന കാവ്യം അങ്ങനെയാണ് പിറവികൊള്ളുന്നത്.

1992ൽ വാഷിംഗ്ടണിൽ വെച്ചു നടന്ന ഫെക്കാന സമ്മേളനത്തിൽ പങ്കെടുത്തു. എം.ടി, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, കാക്കനാടൻ, എൻ.ആർ.എസ്.ബാബു ഉൾപ്പെടെയുള്ളവരുടെ സംഘം. അമ്മയ്ക്കൊരുമ്മ എന്ന പേരിൽ ഒരു കാണിക്കപ്പെട്ടി വച്ചിട്ടുണ്ടായിരുന്നു. ഒരു ഡോളർവീതം അതിൽ നിക്ഷേപിച്ചു. ഒടുവിലത്തെ ദിവസം പെട്ടി തുറന്നു. ആ തുക കേരള സർവ്വകലാശാലയിൽ മലയാളം ഐച്ഛികവിഷയമായി പഠിക്കുന്ന കുട്ടികൾക്കായി സ്കോളർഷിപ്പേർപ്പെടുത്തി. മടക്കയാത്ര ലണ്ടൻ വഴിയായിരുന്നു. കാൾമാക്സിന്റെ ശവകുടീരം കാണുക എന്നതായിരുന്നു ലക്ഷ്യം. ഏവൺ നദീതീരത്തെ സ്ട്രാറ്റ്ഫോർഡ് ഷേക്സ്പീയർ വസതിയും മ്യൂസിയവും കണ്ടു. എവിടെയും മലയാളിസാന്നിദ്ധ്യം.

കാൾമാക്സിന്റെ ജന്മഗൃഹം കാണണമെന്ന മോഹം 2013ൽ കവിതയുടെ ജർമൻപരിഭാഷയുടെ പ്രകാശനവേളയിൽ നടന്നു.

ഹെർമൻ ഗുണ്ടർട്ടിന്റെ സ്മരണോത്സവത്തിൽ ഒരു സംഘം ജർമനി സന്ദർശിച്ചു. എസ്.ഗുപ്തൻനായർ, ഡി.സി.കിഴക്കേമുറി, പി.ഗോവിന്ദപ്പിള്ള, എം.ലീലാവതി മൂർക്കോത്ത് രാമുണ്ണി, എൻ.പി. മുഹമ്മദ്, ചെമ്മനം ചാക്കോ തുടങ്ങിവരുടെ സംഘം. ബോൺയൂണിവേഴ്സിറ്റിയിലെ ജർമ്മൻവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മലയാളികളായ എഴുത്തുകാർക്കായി സായാഹ്നസ്വീകരണം നൽകിയിരുന്നു. ബീഥോവന്റെ ആറാം സിംഫണിയെയും മൂൺലൈറ്റ് സൊണാറ്റയെയും ആസ്പദമാക്കി എഴുതിയ കവിതകൾ ഡോ.ഫിൻഡൈസും അദ്ദേഹത്തിന്റെ പത്നി ഡോ.അന്നക്കുട്ടിയും പരിഭാഷപ്പെടുത്തിയിരുന്നു. മലയാളത്തോടൊപ്പം അതും അവിടെ വായിച്ചു. പിന്നീട് 65 കവിതകളുടെ ഒരു സമാഹാരം EIN TROPFEN LICT (ഒരുതുള്ളിവെളിച്ചം) എന്ന പേരിൽ ജർമൻഭാഷയിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുകയുണ്ടായി. ഗോയ്ഥയുടെ സ്മാരകം സന്ദർശിച്ചു.

1997ൽ കലാമണ്ഡലത്തിന്റെ ചെയർമാൻ. കലാമണ്ഡലത്തിന്റെ വളർച്ചക്കാവശ്യമായ പണം സർക്കാരിൽ നിന്നും ലഭിക്കുന്നില്ലായെന്നു മനസ്സിലാക്കി. കലാമണ്ഡലം മൂന്നു വർഷങ്ങളിലായി മുംബൈയിൽ നടത്തിയ പരിപാടികളിൽനിന്നും നാല്പത്തിരണ്ടുലക്ഷം രൂപ സമ്പാദിക്കുവാനായി കഴിഞ്ഞു. ഒരു രൂപമാത്രം ശമ്പളം സ്വീകരിച്ചുകൊണ്ട് ബാക്കി പണം എൻഡോവ് മെന്റിലേക്ക് നിക്ഷേപിച്ചുകൊണ്ടാണ് കലാമണ്ഡലത്തിൽ പ്രവർത്തിച്ചത്. കലാമണ്ഡലത്തെ കല്പിത സർവ്വകലാശാലയ്ക്കുന്നതിനുള്ള നടപടികൾ ഏതാണ്ടു പൂർത്തിയാകുന്ന കാലയളവിലാണ് ചുമതലയൊഴിയുന്നത്.

1989ൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഇടതുപക്ഷ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ച്

പാട്ടുകളെ കവിതയോടടുപ്പിക്കുകയും, നാട്ടുഗാനമൊഴികൾക്ക് കാവ്യശോഭയും നൽകിയ ഭാവഗീതിയുടെ ഉടമയായിരുന്ന ഒ.എൻ.വി.കുറുപ്പ് 2016 ഫെബ്രുവരി 13ന് അന്തരിച്ചു. ചങ്ങമ്പുഴയ്ക്കുശേഷം മലയാള കവിതയ്ക്ക് ലഭിച്ച വരദാനമായിരുന്നു ഒ.എൻ.വി.

രക്തത്തിന്റെ നിറം

സുഗതകുമാരി

ആ പുറംതള്ളപ്പെട്ടവൾ കരഞ്ഞു. ഒരു കൂട്ടുകാരി പഴയൊരു മനോരമയിൽ നിന്ന് ഒരു മേൽവിലാസം കണ്ടെടുത്തുകൊടുത്തു. അതുമായാണ് അവൾ തിരുവനന്തപുരത്തേക്ക് വണ്ടി കയറിയത്. ഏഴുമാസം ഗർഭിണി. ഏറെ തല്ലും ചവിട്ടും കൊണ്ടവൾ, പട്ടിണിയും മർദ്ദനവും ഭയവും ദുഃഖവും കൊണ്ട് വിവശയായവൾ. അവളാണ് ഏതോ ബസ്സിലൊക്കെ കയറി തിരുവനന്തപുരത്തെ അത്താണിയിലെത്തി തളർന്നുവീണത്.

പണ്ടൊരു ദിവസം തിരുവനന്തപുരത്തെ തമ്പാനൂർ ബസ്റ്റോപ്പിൽ സന്ധ്യകഴിഞ്ഞ നേരത്ത് ഒരു സുന്ദരിയായ യുവതി വന്നിറങ്ങി. കറുത്ത ചുരുണ്ട മുടിയുള്ള, വെളുത്തു മെലിഞ്ഞ, കാതിൽ വിലകുറഞ്ഞ കൃത്രിമക്കമ്മലുകളുടെ ചുവപ്പ് മിനുത്ത കവിളത്തു നിഴലിക്കുന്ന മുസ്ലീം പെണ്ണ്. ആകെ വിവശയായിരുന്നു. കരഞ്ഞുവീർത്ത നീണ്ട കണ്ണുകളും കണ്ണീരൊലിച്ച കവിൾത്തടങ്ങളുമായി അവൾ ബസ്സ്റ്റാന്റിലെ ഓട്ടോറിക്ഷാ ഡ്രൈവർമാരെ സമീപിച്ചു ചോദിച്ചു 'ഈ മേൽവിലാസത്തിലെ ആളിനെ എവിടെ കിട്ടും?' അവർ വാങ്ങിനോക്കി. ഏതോ നോട്ടുബുക്കിന്റെ താളിൽനിന്നും വലിച്ചു കീറിയെടുത്ത ഒരുതുണ്ടു മുഷിഞ്ഞ കടലാസിൽ വടിവില്ലാതെ ഇങ്ങനെ കുറിച്ചിരിക്കുന്നു. 'സുകാതകുമരി നിരന്തരം'. കുറച്ചുനേരത്തെ ചർച്ചയ്ക്കുശേഷം അവർ കണ്ടുപിടിച്ചു. 'ഓ ഇതു സുഗതകുമാരിയാണ്. അവിടെ പോകണോ!'ഒരുവൻ ചോദിച്ചു. അവൾ തലകുലുക്കി. ആ പാവമുഖം കണ്ട് ഒരു ഓട്ടോക്കാരന്റെ മനസ്സലിഞ്ഞു. 'ശരി കയറിക്കോള്ളൂ.'

അങ്ങനെ ആ നല്ല മനുഷ്യന്റെ സഹായംകൊണ്ട് ആയിഷ 'അഭയ' യുടെ വനിതാകേന്ദ്രമായ 'അത്താണി'യിലെത്തി. അപ്പോഴേക്ക് രാത്രിയായിക്കഴിഞ്ഞിരുന്നു. ഒരു സ്ത്രീവന്ന് മുട്ടിയാൽ ഏത് സമയത്തും അത്താണിയുടെ വാതിൽ തുറക്കപ്പെടും. അവൾ അകത്തുകടന്നു. അത്താണിയിലെ സഹോദരിമാർ അവളെ കൈകാലുകൾ കഴുകി കഞ്ഞി കുടിക്കാൻ വിളിച്ചു. കഞ്ഞിക്കു മുന്നിലിരുന്ന് കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്ന അവൾ അവിടെത്തന്നെ കുഴഞ്ഞുവീണു. കഠിനമായ രക്തസ്രാവം.

വടക്കേമലബാറിലെ ഒരു സാധു കുടുംബത്തിലെ മകളാണവൾ. പ്രേമത്തിന്റെ പതിവുകഥ! അയൽക്കാരനായ ഒരു ഹിന്ദുവുമായുള്ള ഹൃദയബന്ധം അവളെ ഗർഭിണിയാക്കി. വീട്ടുകാരറിഞ്ഞു. വാപ്പയുടെ കഠിനമായ മർദ്ദനമേൽക്കാൻ അവൾക്കായില്ല. ആളിന്റെ പേരുപറഞ്ഞു. അതോടെ അയാളും തല്ലിച്ചതയ്ക്കപ്പെട്ട് ഓടിയൊളിച്ചു. കൊന്നുകളയുമെന്ന സ്ഥിതിയായപ്പോൾ അവളുടെ ഉമ്മതന്നെ സ്വന്തം 'കാതിൽപൂവ്' വിറ്റ് കുറച്ചു രൂപയുണ്ടാക്കി അവൾക്കൊരു ടിക്കറ്റെടുത്തുകൊടുത്തു.

'പോയി രക്ഷപ്പെട്.' 'എങ്ങോട്ട്?...' ആ പുറംതള്ളപ്പെട്ടവൾ കരഞ്ഞു. ഒരു കൂട്ടുകാരി പഴയൊരു മനോരമയിൽ നിന്ന് ഒരു മേൽവിലാസം കണ്ടെടുത്തുകൊടുത്തു. അതുമായാണ് അവൾ തിരുവനന്തപുരത്തേക്ക് വണ്ടി കയറിയത്. ഏഴുമാസം ഗർഭിണി. ഏറെ തല്ലും ചവിട്ടും കൊണ്ടവൾ, പട്ടിണിയും മർദ്ദനവും ഭയവും ദുഃഖവും കൊണ്ട് വിവശയായവൾ. അവളാണ് ഏതോ ബസ്സിലൊക്കെ കയറി തിരുവനന്തപുരത്തെ അത്താണിയിലെത്തി തളർന്നുവീണത്.

എനിക്ക് മെഡിക്കൽ കോളജിൽ നിന്ന് അടിയന്തിര ഫോൺ കോൾ വന്നു. 'ആയിഷയ്ക്ക് അടിയന്തിര ഓപ്പറേഷൻ വേണം. ഉടൻ എ നെഗറ്റീവ് രക്തം എത്തിക്കുക.' രാത്രി സമയം. ഞായറാഴ്ച.ഞാൻ ടെലിഫോണിനരികിൽ ഇരിപ്പായി. പരിചയമുള്ള എല്ലാ ഗ്രൂപ്പുകളെയും വിളിച്ചു. അഭയ പ്രവർത്തകരെ വിളിച്ചുവരുത്തി. നാലുപാടും ബൈക്കുകളിൽ ആളുകൾ പറന്നു.

ഫലമുണ്ടായില്ല. കിട്ടാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ആ ഗ്രൂപ്പുരക്തം എങ്ങും ലഭ്യമല്ല. ആശുപത്രിയിൽ നിന്ന് വീണ്ടും വീണ്ടും ഫോൺ കോളുകൾ. she is sinking. ഉടൻ രക്തം എത്തിക്കണം.'

ആകെത്തളർന്ന ഞാൻ അമ്പരന്ന് മുറ്റത്തിറങ്ങി നിൽക്കുകയാണ്. മനസ്സു പിടയുന്നു. ദൂരെ എവിടുന്നോ, രക്ഷതേടി ഓടിയെത്തിയ ആ ഗർഭിണിയ്ക്ക് ഒരു കുപ്പി രക്തം കൊടുക്കാൻ കഴിയുന്നില്ലല്ലോ... ദൈവമേ! ആകാശം നിറയെ നക്ഷത്രങ്ങൾ... ഞാൻ ഉള്ളു ചുട്ടു പ്രാർത്ഥിക്കുകയാണ്, രക്ഷിക്കണേ, കാരുണ്യമൂർത്തേ, രക്ഷിക്കണേ!

കുറച്ചു കഴിഞ്ഞപ്പോൾ അഭയയുടെ ഒരു പ്രവർത്തകൻ ഓടിവന്നു പറഞ്ഞു. 'ഈ ഗ്രൂപ്പുരക്തമുള്ള ഒരാളുണ്ട്. ഓർത്തഡോക്സ് സ്റ്റുഡൻസ് സെന്ററിൽ ഒരു ചെമ്മാച്ചൻ. ചെറിയാൻ എന്നാണ് പേര്. ഒരു ഓട്ടോറിക്ഷയിൽ ഞങ്ങൾ സ്റ്റുഡൻസ് സെന്ററിലെത്തി; ഗേറ്റിൽ മുട്ടി. കതകു തുറന്ന യുവപുരോഹിതനോട് ഞാൻ കൂപ്പുകൈയോടെ പറഞ്ഞു. 'ചെറിയാൻ ചെമ്മാച്ചനാണോ? എങ്കിൽ ഒരു പാവപ്പെട്ട മുസ്ലിം പെണ്ണ്, ഗർഭിണി, മരിക്കാൻ തുടങ്ങുന്നു. താങ്കളുടെ രക്തം തന്നു സഹായിക്കുമോ?' ആ ചെറുപ്പക്കാരൻ ഒരു നിമിഷം ആലോചനയിൽ മഴുകി. 'ഞാൻ ഒരാൾക്കു രക്തം കൊടുത്തിട്ട് പത്തുദിവസമേ ആയിട്ടുള്ളു. എങ്കിലും തരാം. ഡോക്ടർ എടുക്കുമെങ്കിൽ.' അന്വേഷിച്ചപ്പോൾ ഡോക്ടർ പറഞ്ഞു: 'എടുക്കാം പക്ഷേ, അയാൾക്ക് വളരെയധികം ക്ഷീണമുണ്ടാകും. മറ്റൊന്നും സംഭവിക്കുകയില്ല. ഇനിയും നിങ്ങൾ വൈകിയാൽ ഫലമില്ല. ഇപ്പോൾ തന്നെ വൈകിയിരിക്കുന്നു.' ഒരു ചെറുപുഞ്ചിരിയോടെ ആ ചെമ്മാച്ചൻ ഞങ്ങളുടെ പ്രവർത്തകരിലൊരാളുടെ ബൈക്കിനു പിന്നിലിരുന്ന് മെഡിക്കൽ കോളജിലേക്കു പറന്നു. രാത്രി ഒന്നരമണി സമയം.

ആ രക്തം നൽകിയതിനാൽ ആയിഷയുടെ ഓപ്പറേഷൻ നടത്തി. വയറുകീറി പ്രായമെത്താത്ത ഇരട്ട പെൺകുഞ്ഞുങ്ങളെ എടുത്തു.! അവർ രണ്ടുപേരെയും കിട്ടിയില്ല. പക്ഷേ അമ്മയെ തിരിച്ചുകിട്ടി.

അങ്ങനെയാണ് ആ ചെമ്മാച്ചൻ എന്റെ ബന്ധുവായിത്തീർന്നത്. അഭയയുടെ സുഹൃത്തും സഹായിയുമായിത്തീരുന്നത്. ആ ചെറുപ്പക്കാരൻ വളർന്ന് പിന്നീട് ചെറിയാനച്ചനായി. ബിഷപ്പു തിരുമേനിയായി, ഇപ്പോഴിതാ എല്ലാവരും ബഹുമാനിക്കുന്ന ഒരു വിശിഷ്ട വ്യക്തിത്വമായി വിളങ്ങി നിൽക്കുന്ന ആ കാഴ്ച ധന്യതയോടെ കണ്ടു നിൽക്കുന്ന ഒരുവളാണ് ഞാൻ. കാരണം മനസ്സുകൊണ്ട് എന്റെ സഹോദരൻ എന്ന് പണ്ടേ ഞാൻ സ്വീകരിച്ച ഒരാളാണത്. രക്ത ബന്ധമുള്ള സഹോദരൻ.

അയിഷയ്ക്ക് അവളുടെ ജീവിതം തിരിച്ചുകിട്ടിയത് വേറൊരു കഥ. പക്ഷേ, ഞാൻ എന്റെ മുന്നിൽവരുന്നവരോടും എന്റെ വാക്കുകൾ കേട്ടിരിക്കുന്നവരോടും ഊന്നിപ്പറയാറുള്ള ഒരു കാര്യമാണ്. 'നിങ്ങൾ ദയവായി ഒന്നു മനസ്സിലാക്കിയാലും. വീട്ടിൽ നിന്നിടിച്ചിറക്കപ്പെട്ട ആ ഗതികെട്ട മുസ്ലിം പെൺകുട്ടിക്ക് മരണത്തിൽ നിന്ന് കര കയറുവാൻ രക്തം നൽകിയത് ഒരു ക്രിസ്ത്യൻ പുരോഹിതനാണ്. മുസ്ലീം പെണ്ണിന് ക്രിസ്ത്യാനിയുടെ രക്തം നന്നായിച്ചേർന്നു. അവൾക്കുവേണ്ടി രാത്രി മുഴുവൻ ഉറക്കമിളച്ചത് ചില ഹിന്ദുക്കളാണ്. ബോധം തെളിഞ്ഞപ്പോൾ അവൾ കണ്ടത് ഈ എന്റെ മുഖമാണ്.'

ഇന്ത്യ എന്ന ഈ മഹാരാജ്യത്ത് നാം ഒന്നിച്ച് ജീവിക്കേണ്ടത് ഇങ്ങനെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. മതത്തിന്റെ പേരിൽ ഒരാൾ വെടിവെച്ച് കൊന്ന ഗാന്ധിജി എന്ന മനുഷ്യൻ മനം നൊന്തു പഠിപ്പിക്കാൻ ശ്രമിച്ച പാഠം ഇതുതന്നെയാകുന്നു.

(ചെറിയാൻ ചെമ്മാച്ചൻ ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ ബഹു: ഡോ.സഖറിയാമാർ തെയോഫിലോസ് മെത്രാപ്പോലീത്തയാണ് എന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു.)

ഒ.എൻ.വി- മലയാളത്തിന്റെ വരദാനം

പരാജയപ്പെട്ടു.

കെ.പി.എ.സിയുടെ മുപ്പതു നാടകങ്ങൾക്കായി നൂറ്റിമുപ്പതോളം ഗാനങ്ങൾ എഴുതി. ആദ്യകാലത്ത് ബാലമുരളി എന്ന പേരിലാണ് സിനിമക്കുവേണ്ടി ഗാനങ്ങൾ എഴുതിയത്. ശ്രീഗുരുവായൂരപ്പൻ എന്ന ചിത്രത്തിനുവേണ്ടിയാണ് ഒ.എൻ.വി എന്ന പേരിൽ എഴുതിത്തുടങ്ങിയത്. 1985ൽ കാട്ടുപൂക്കളിലെ 'മാണിക്യവീണയുമായെൻ മനസ്സിന്റെ താമര' എന്ന ഗാനത്തോടെയാണ് ചലച്ചിത്രഗാനരചനയിൽ നിന്നും ഒ.എൻ.വി ഒഴിവാക്കാനാവാത്ത സാന്നിധ്യമായി മാറിയത്. 'ഈശ്വരൻ മനുഷ്യനായി അവതരിച്ചു' (ശ്രീഗുരുവായൂരപ്പൻ), 'ശ്യാമസുന്ദര പുഷ്പ മേ...' (യുദ്ധകാണ്ഡം), ഒരു വട്ടം കൂടിയെൻ... (ചില്ല്), 'മഞ്ഞൾപ്രസാദവും...' (നഖക്ഷതങ്ങൾ) എന്നു തുടങ്ങി ആയിരത്തോളം ഗാനങ്ങൾ സമ്മാനിച്ചു.

ലളിതഗാനശാഖയ്ക്കും ഒ.എൻ.വി.യുടെ സംഭാവന മികവുറ്റതായിരുന്നു. ടി.വി. സീരിയലുകൾക്കും ഗാനങ്ങൾ എഴുതി. സമസ്തമേഖലയിലും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു. ജീവിതാനുഭവങ്ങളുടെ ഓർമ്മപ്പെടുത്തലുകളാണ് 'പോക്കുവെയിൽ മണ്ണിലെഴുതിയത്' എന്ന ആത്മകഥ.

ഒ.എൻ.വിയുടെ ശീർഷക ഗാനങ്ങൾ പ്രസിദ്ധങ്ങളാണ്. ആർ.എസ്.എസ്.സിനു വേണ്ടി 'ഭാരത ഹൃദയ വിപഞ്ചികയിലുണരും...', മനോരമയുടെ ശതോത്തര രജതജൂ ബിലിക്കുവേണ്ടിയും ദേശീയ ഗെയിംസിന്റെ ഭാഗമായി റൺ കേരള റണ്ണിനുവേണ്ടിയും കേരള കൗമുദിക്കുവേണ്ടിയും, കൗമുദി ചാനലിനു വേണ്ടിയും ഗാനങ്ങൾ എഴുതുകയുണ്ടായി.

ലളിതഗാനശാഖയ്ക്കും ഒ.എൻ.വി.യുടെ സംഭാവന മികവുറ്റതായിരുന്നു. ടി.വി.സീരിയലുകൾക്കും ഗാനങ്ങൾ എഴുതി. സമസ്തമേഖലയിലും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു. ജീവിതാനുഭവങ്ങളുടെ ഓർമ്മപ്പെടുത്തലുകളാണ് 'പോക്കുവെയിൽ മണ്ണിലെഴുതിയത്' എന്ന ആത്മകഥ.

മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ സമിതികളിലെയും പ്രധാനിയായിരുന്നു ഒ.എൻ.വി. അവസാനമായി പങ്കെടുത്ത പൊതുപരിപാടി നിശാഗന്ധി ഓഡിറ്റോറിയത്തിൽ സ്വരലയ സംഘടിപ്പിച്ച ഗുലാം അലിയുടെ ഗസൽ സന്ധ്യയായിരുന്നു.

ഐ.സി.യുവിൽ കിടന്നുകൊണ്ട് എഴുതിയ 'അനശ്വരതയിലേക്ക്' (മൃണാളിനി സാരാഭായിയെ സ്മരിച്ചുകൊണ്ട്) എന്നതാണ് അവസാനമെഴുതിയ കവിത. വിനോദ് മങ്കര സംവിധാനം ചെയ്ത കാംബോജി എന്ന സിനിമക്കുവേണ്ടിയാണ് അവസാനം പാട്ടെഴുതിയത്.

പാട്ടുകളെ കവിതയോടടുപ്പിക്കുകയും, നാട്ടുഗാനമൊഴികൾക്ക് കാവ്യശോഭയും നൽകിയ ഭാവഗീതിയുടെ ഉടമയായിരുന്ന ഒ.എൻ.വി.കുറുപ്പ് 2016 ഫെബ്രുവരി 13ന് അന്തരിച്ചു. ചങ്ങമ്പുഴയ്ക്കു ശേഷം മലയാള കവിതയ്ക്ക് ലഭിച്ച വരദാനമായിരുന്നു ഒ.എൻ.വി.

സേവനവഴികളിലൂടെ സഞ്ചരിച്ചവർ

ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ ആദരിച്ചവർ. ഇവരുടെ ജീവിതവും പ്രവർത്തനവും പ്രചോദനമാകുന്നതാണ്

ഡോ.ജി.ശാമുവേൽ
സെക്രട്ടറി
ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ
കൗൺസിൽ ആലപ്പുഴ

തെരുവോരം മുരുകൻ

മുരുകൻ കരുണയുടെ കാവലാളാകുകയാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവർ, കുഷ്ഠരോഗികൾ, മയക്കുമരുന്നിന് അടിമപ്പെട്ടവർ, അനാഥർ അങ്ങനെ ഏഴായിരത്തോളം തെരുവുമക്കൾക്ക് ഇതിനോടകം മുരുകൻ പുതുജീവിതമേകി. ബ്രദർ മാവുരൂസും ഫാ. വർഗീസ് പൈനാടനും ആ ജീവിതത്തിലേക്ക് വെളിച്ചവുമായി കടന്നുവന്നപ്പോൾ ആ വെളിച്ചം നൂറുമടങ്ങായി തെരുവിലുള്ളവർക്കായി മടക്കിനൽകി. സർക്കാരുമായി ചേർന്നുള്ള തെരുമക്കളുടെ പുനരധിവാസകേന്ദ്രമായ തെരുവുവെളിച്ചത്തിന്റെ സ്ഥാപകൻ. പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നും ടൈംസ് നൗ ചാനലിന്റെ അമേസിംഗ് ഇന്ത്യൻ പുരസ്കാരം ഉൾപ്പെടെ നിരവിധി ബഹുമതികൾ തെരുവോരം മുരുകനെത്തേടിയെത്തിയെത്തിയെങ്കിലും അതിന്റെ മായികാലോകത്തൽപ്പെട്ടുപോകാതെ തന്റെ കർമ്മരംഗം തെരുവും തെരുവുമക്കളുമാണന്ന നിയോഗത്തിലൂടെ തെരുവുമുരുകൻ തന്റെ നിയോഗം തുടരുന്നു.

ബാബു പാറാൽ

തലശ്ശേരി സർക്കാർ ആശുപത്രിയിൽ ആരോരുമില്ലാത്ത അവശരായവരുടെ ഇടയിൽ പ്രതിഫലേച്ഛ കൂടാതെ കഴിഞ്ഞ പതിനേഴു വർഷമായി നിസ്വാർത്ഥസേവനം ചെയ്യുന്ന വ്യക്തിയാണ് ബാബു പാറാൽ.

എച്.ഐ.വി.രോഗബാധിതർ, മനോരോഗികൾ, മക്കളാൽ ഉപേക്ഷിക്കപ്പെട്ടവർ, ഭിക്ഷാടകരുടെ മക്കൾ തുടങ്ങിയവരെ ശുശ്രൂഷിക്കുകയും അനുയോജ്യമായ സ്ഥാപനങ്ങളിൽ സുരക്ഷിതരായി അവരെ എത്തിക്കാൻ ആത്മസമർപ്പണം ചെയ്ത വ്യക്തിത്വം. പുലർച്ചേ തുടങ്ങുന്ന സേവനപ്രവർത്തനം രാത്രിയേറെ വരെ നീളുന്നു. വ്രണങ്ങൾ കഴുകുക, ശയ്യാവലംബികളുടെ മലമൂത്ര വിസർജ്ജനം മാറ്റി അവരെ കുളിപ്പിച്ചു വൃത്തിയാക്കുക, മരുന്നും ഭക്ഷണവും വാങ്ങി യഥാസമയം നൽകുക തുടങ്ങിയെല്ലാം മുടങ്ങാതെ ചെയ്യുന്നു. ഇദ്ദേഹത്തിന്റെ സേവനത്തിന്റെ പ്രത്യേകത മനസ്സിലാക്കിയ ഒരു കുടുംബം രോഗികളെ യഥാസ്ഥാനങ്ങളിൽ കൊണ്ടുപോകുന്നതിനായി ഒരു ആംബുലൻസ് വാങ്ങി നൽകുകയുണ്ടായി. സർക്കാർ ആശുപത്രിയോടു ചേർന്ന് ഒരു ചെറിയ സ്ഥാപനം പ്രവർത്തിക്കുന്നു. ബാബുവിനെ അറിയുന്നവരുടെ സഹായമാണ് ഇദ്ദേഹത്തിന്റെ പിൻബലം. ബാബു എത്തിക്കുന്ന രോഗികൾക്കു മാത്രമായി സർക്കാർ ആശുപത്രിയിൽ ഒരു വാർഡു തന്നെ അധികൃതർ ക്രമീകരിച്ചിട്ടുണ്ട്.

അഞ്ചാം ക്ലാസുവരെ മാത്രമെ ഇദ്ദേഹം പഠിച്ചിട്ടുള്ളുവെങ്കിലും അറിവിതവും പ്രവർത്തനവും നൽകിയ വലിയ പാഠങ്ങളാണ് കൈമുതൽ. സ്കൂൾ കോളജുകളിൽ ഇദ്ദേഹം തന്റെ ജീവിതാനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കിടാറുണ്ട്. അശരണർക്കുവേണ്ടി പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന് മെച്ചപ്പെട്ട ഒരു വീടില്ല. പാറാൽ ആച്ചുകുളങ്ങരയിൽ ഇടിഞ്ഞുവീഴാറായ ഒരു കൊച്ചുവീടാണുള്ളത്. അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്നത് മേൽക്കൂരയിലെ പ്ലാസ്റ്റിക് ഷീറ്റിന്റെ ബലത്തിലാണ്. കക്കൂസും കുളിമുറിയുമെല്ലാം ഈ പ്ലാസ്റ്റിക് ഷീറ്റിന്റെ മറവിലാണ്. പഠിക്കുന്ന രണ്ടു പെൺമക്കൾ. ഒന്നുമില്ലായ്മയിലും സേവനപ്രവർത്തനങ്ങൾക്കു പിൻബലം നൽകുന്ന ഭാര്യ. സ്വകാര്യദുഃഖങ്ങൾക്ക് വിരാമമിട്ടുകൊണ്ട് ബാബു പാറാൽ സാന്ത്വനവുമായി ഓരോ പുലരിയിലും ഇറങ്ങിത്തിരിക്കുന്നു.

ഫോൺ: 9349182445

മേരി എസ്തപ്പാൻ

അമ്പതുവർഷം മുമ്പ് ഒരു ക്രിസ്മസ് സന്ധ്യയിൽ നവജാതശിശുവായി കടന്നുവന്ന മേരിക്ക് രാത്രികഴിച്ചുകൂട്ടാൻ ചെറുവീട്ടിൽ സ്ഥലം ഇല്ലായ്കയാൽ തൊട്ടടുത്ത കാലിത്തൊഴുത്തു നൽകിയ മറിയ എസ്തപ്പാൻ പിന്നീട് ആയിരങ്ങളുടെ അമ്മയായി മാറിയ കഥ ക്രിസ്മസ് ദിനത്തിൽ ലോകത്തെ അറിയിച്ചത് മാനോരമയുടെ റിപ്പോർട്ടറായ മാനുവൽ ജോർജാണ്. പെരുമ്പാവൂരിലെ കൂവപ്പടിയിലെ ബേത്‌ലഹേം അഭയഭവൻ പ്രത്യാശയുടെ സന്ദേശമാണ് നൽകുന്നത്. കഴിഞ്ഞ 18 വർഷത്തിനുള്ള ആയിരത്തോളം മാനസിക രോഗികളെ പരിചരിക്കുവാൻ മേരിയെ ദൈവം തിരിച്ചെടുക്കുകയായിരുന്നു. കാരുണ്യം വറ്റിയ കാലത്തെക്കുറിച്ച് പരിതപിക്കുന്നവർക്കിടയിലെ ഒറ്റപ്പെട്ട വെള്ളിനക്ഷത്രമാണ് മേരി.

Ph : 0484 - 2641374

ജോൺസൺ ഇടുക്കള

സേവനപ്രവർത്തനങ്ങളുടെ സുതാര്യതയ്ക്കുവേണ്ടി പിതാവിന്റെ സ്മരണാർത്ഥം ഫൗണ്ടേഷൻ രൂപീകരിക്കുകയും അതിലൂടെ സേവനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന വ്യക്തിയാണ് ഡോ.ജോൺസൺ.

എടത്വയിലും പരിസരദേശങ്ങളിലുമുള്ള ജനകീയ വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനത്തിലൂടെയാണ് സേവനപ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇതിനായി ജനകീയ ജാഗ്രത സമിതി രൂപീകരിക്കുകയും ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക വിഷയങ്ങളിൽ ഇടപെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. തെരുവുനായ്ക്കൾ കടിച്ചാൽ പ്രാഥമിക കേന്ദ്രത്തിൽ മരുന്നില്ലായെന്ന അവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ മനുഷ്യാവകാശകമ്മീഷനിലൂടെ സാധിതമാക്കി. തലവടി തെക്കു പ്രദേശത്തു കുടിവെള്ളം എത്തിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനു ഡോ. ജോൺസന്റെ നേതൃത്വത്തിലുള്ള ഇടപെടൽ സഹായകമായി.

ചികിത്സാ സഹായം, വിവാഹസഹായം, അശരണരുടെ മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കൽ തുടങ്ങിയവയാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്. ഇതിനായി സ്വന്തവരുമാനത്തിന്റെ ഒരു ഭാഗം മാറ്റിവയ്ക്കുന്നു.

കഴിഞ്ഞ 14 വർഷമായി ക്രിസ്മസ് ദിനത്തിൽ ഫൗണ്ടേഷൻ പ്രവർത്തകർ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ അന്തേവാസികൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കുന്നു. അവർക്ക് ആഹാരം നൽകിയും അവരുമായി ആശയങ്ങൾ പങ്കിട്ടും അവരും സമൂഹത്തിന്റെ ഭാഗമാണെന്ന തോന്നൽ സൃഷ്ടിക്കുക എന്നതാണ് ഇതുകൊണ്ട് ഫൗണ്ടേഷൻ ലക്ഷ്യമാക്കുന്നത്.

പുറ്റിൽ വെടിക്കെട്ട് ദുരന്തമുണ്ടായപ്പോൾ വെന്തുനീറിയവർക്കിടയിലേക്ക് കുടിവെള്ളവുമായി യഥാസമയം എത്തുവാൻ ഫൗണ്ടേഷനു കഴിഞ്ഞു.

രാത്രികാലങ്ങളിൽ കെ.എസ്.ആർ.ടി.ബസ് യാത്രക്കാരുടെ താല്പര്യപ്രകരം ഇറങ്ങുന്നതിനുള്ള പ്രത്യേക കോടതിവിധി സമ്പാദിക്കുകയുണ്ടായി.

ഫൗണ്ടേഷന്റെ സേവനപ്രവർത്തനങ്ങളെ മാനിച്ച് നാഷണൽ ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ, ഇൻഡ്യൻ ജേസീസ്, കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പുരസ്കാരം ഡോ.ജോൺസൺ ഇടുക്കളയ്ക്ക് ലഭിക്കുകയുണ്ടായി.

എം.ജി.അനീഷ്

പ്രതിബദ്ധതയുടെ പാതയിലൂടെയാണ് എം.ജി.അനീഷ് സഞ്ചരിക്കുന്നത്. അദ്ദേഹത്തിന്റെ റിപ്പോർട്ടുകളും വിലയിരുത്തലുകളും അതാണ് ബോധ്യമാക്കുന്നത്. ഏഷ്യാനെറ്റിൽ അനീഷ് അവതരിപ്പിക്കുന്ന അന്വേഷണം ഇതിനോടകം ഏറെ ശ്രദ്ധിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത ദൃശ്യവിരുന്നാണ്. പതിവു വഴികളിൽ നിന്നും മാറി സഞ്ചരിക്കുകയും നീതിനിഷേധത്തിന്റെ ഇടങ്ങളിലേക്ക് വിരൽ ചൂണ്ടുകയും നിസ്സഹായന്റെ നിലവിളിക്കും പരിഹാരമുണ്ടെന്നും തെളിയിക്കുന്ന റിപ്പോർട്ടുകളാണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. ഈ ധീരമായ യാത്രയെ അഭിനന്ദിക്കുകയാണ്.

ഫോൺ : 9605446000

ഷഹൻഷാ

കിണറ്റിൽ വീണ എഴുവയസ്സുകാരനെ സമയോചിതമായ പ്രവർത്തനത്തിലൂടെ രക്ഷപ്പെടുത്തിയ എട്ടാം ക്ലാസുകാരനാണ് ഷഹൻഷാ. മുതുകുളം വെട്ടത്തുമുക്ക് മുതലപ്പള്ളി കിഴക്കതിൽ ഷാജിയുടെ മകൻ. ശങ്കരമർത്തിയിൽ നന്ദനം വിജയകുമാറിന്റെ മകൻ നവനീതിനെയാണ് ഷഹൻഷാ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന നവനീത് കിണറ്റിൽ വീഴുകയായിരുന്നു. മാതാവ് രശ്മിയുടെ നിലവിളി കേട്ട് ഓടിയെത്തിയ ഷഹൻഷാ കണ്ട് വെള്ളത്തിൽ മുങ്ങിത്താഴുന്ന നവനീതിനെയാണ്. പിറ്റെ ഒട്ടും വൈകിയില്ല. കിണറ്റിലേക്കിറങ്ങിയ കുട്ടിയ എടുത്തുയർത്തി. സാമൂഹിക പ്രവർത്തക ബിന്ദു അറിയിച്ചതിനെതുടർന്ന് നാട്ടുകാർ ഓടിക്കൂടി ഇരുവരേയും കരകയറ്റി. ബുദ്ധ എജ്യുക്കേഷൻ സെൻട്രൽ സ്കൂൾ വിദ്യാർത്ഥിയായ ഷഹൻഷായുടെ പ്രവൃത്തി മറ്റു കുട്ടികൾക്ക് മാതൃകയും പ്രചോദനവുമാണ്.

ഫോൺ : 8089766830

കണ്ണൻ നായർ

മനോരമ ന്യൂസ് ചാനലിലൂടെ മാധ്യമപ്രവർത്തനം തുടങ്ങി. മനോരമ ന്യൂസിന്റെ അരൂർ മെയിൽ ഓഫീസിലും കൊച്ചി ബ്യൂറോയിൽ റിപ്പോർട്ടറായും പ്രവർത്തിച്ചു. തുടർന്ന് മനോരമ ന്യൂസിന്റെ ആലപ്പുഴ, കൊല്ലം ജില്ലകളുടെ റിപ്പോർട്ടറായും സേവനം അനുഷ്ഠിച്ചു. 2012 ൽ മാതൃഭൂമി ന്യൂസ് ചാനലിൽ പ്രവർത്തനം തുടങ്ങി. നിലവിൽ മാതൃഭൂമി ന്യൂസ് ചാനലിൽ സീനിയർ റിപ്പോർട്ടറായും ആലപ്പുഴ ജില്ലാ ലേഖകനായും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് വ്യാജസർട്ടിഫിക്കറ്റ്, സൈനികനിയമ തട്ടിപ്പ്, വാട്ടർ അതോറിട്ടിയിലെ തട്ടിപ്പ്, കുട്ടനാട് പാക്കേജ് അഴിമതി, പച്ചക്കറിയിലെ കീടനാശിനി പ്രയോഗം, പോലീസ്സിലെ ഇടിമുറി, മയക്കുമരുന്ന് റാക്കറ്റ് തുടങ്ങിയവ സംബന്ധിച്ച് അന്വേഷണാത്മകപത്രപ്രവർത്തനം നടത്തിയ വ്യക്തി.

പൊന്നമ്മ കുട്ടപ്പൻ

ഇടുക്കി കഞ്ഞിക്കുഴിപഞ്ചായത്തിൽ 2000 മുതൽ സി.ഡി.എസ്. ആയി പ്രവർത്തിയ്ക്കുന്നു. ഒരി ദിവസം 40 കിലോമീറ്റർ നടന്നു ആദിവാസികൾക്കുവേണ്ടി പ്രവർത്തിയ്ക്കുന്നു. കഞ്ഞിക്കുഴി പഞ്ചായത്തിലെ സി.ഡി.എസ്സിന്റെ പ്രവർത്തനം മഹത്വരമാക്കിയ മഹതിയാണ്. ഭർത്താവ് കുട്ടപ്പന്റെ സഹകരണത്തെപ്പറ്റി വാതോരാതെ പറയും. രണ്ടു മക്കൾ : സനീഷ്, സിജി. സിജി റെയിൽവേയിൽ വനിതാ പോലീസാണ്.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.